II. ചെയർമാൻമാരുടെ പാനൽ

മി. ഡെപ്യൂട്ടി സ്പീക്കർ: ഓർഡർ, ഓർഡർ... ബഹുമാനപ്പെട്ട അംഗങ്ങളായ ശ്രീ. എം. എം. ഹസ്സൻ, ശ്രീ. പി.കെ.കെ.ബാവ, ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ 9.30 a.m.] എന്നിവരെ പതിനൊന്നാം കേരള നിയമസഭയുടെ പതിനൊന്നാം സമ്മേളന കാലത്തെ ചെയർമാൻമാരുടെ പാനലിലേയ്ക്ക് നാമനിർദ്ദേശം ചെയ്യുന്നു.

III. അടിയന്തിരപ്രമേയം

കേരള ഭാഗ്യക്കുറി നിരോധിച്ചതുമൂലം സംസ്ഥാനത്ത് ഉളവായിട്ടുള്ളതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷം

മി. ഡെപ്യൂട്ടി സ്പീക്കർ: സർവ്വശ്രീ. എ. കെ. ബാലൻ, കെ. പി. രാജേന്ദ്രൻ, കെ. സി. ജോസഫ്, വി. സി. കബീർ, എ. സി. ഷൺമുഖദാസ്, സി. കെ. നാണു, എ. എ. അസീസ് എന്നിവർ ഒരു അടിയന്തിരപ്രമേയം അവതരിപ്പിക്കുന്നതിന് അനുമതി നൽകണമെന്നഭ്യർത്ഥിക്കുന്ന ഒരു നോട്ടീസ് റൂൾ 50 പ്രകാരം തന്നിട്ടുണ്ട്. ഞാനത് വായിക്കാം.

"കേരള ഭാഗ്യക്കുറി സർക്കാർ നിരോധിച്ചതുമൂലം ലോട്ടറി വിൽപ്പനക്കാരും ഏജന്റുമാരുമായ മുന്നര ലക്ഷത്തോളം പേരുടെ ഉപജീവനം വഴിമുട്ടിയിരിക്കുന്നു. വ്യാജ ലോട്ടറികൾക്ക് നിയന്ത്രണം ഏർപ്പെടുത്തേണ്ടി വന്ന സാഹചര്യം സുപ്രീംകോടതിയെ ബോദ്ധ്യപ്പെടുത്താതെയും അന്തിമ വിധിക്കോ നിർദ്ദേശത്തിനോപോലും കാത്ത് നിൽക്കാതെയും ഗവൺമെന്റ് ഏർപ്പെടുത്തിയ നിരോധനം സംസ്ഥാനത്താകെ ദുരവ്യാപകമായ പ്രത്യാഘാതങ്ങളും ആശങ്കയും ഉളവാക്കുകയും ലോട്ടറി ടിക്കറ്റ് വിതരണക്കാരെ ആത്മഹത്യയിലേയ്ക്ക് നയിക്കാൻ ഇടയാക്കുകയും ചെയ്തിരിക്കുന്നതായി പറയപ്പെടുന്ന അത്യന്തം ഗുരുതരമായ സ്ഥിതിവിശേഷത്തെ സംബന്ധിച്ച് സഭ നിർത്തിവെച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെടുന്നു."

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ): സർ, ആദ്യമായി ഇങ്ങനെ ഒരു അടിയന്തിരപ്രമേയം കൊണ്ടുവന്നതിന് ഞാൻ പ്രതിപക്ഷാംഗങ്ങളോടുള്ള നന്ദി രേഖപ്പെടുത്തുകയാണ്. ഇക്കാര്യം വിശദീകരിക്കാൻ ഗവൺമെന്റിന് ഒരു അവസരം നൽകിയതിനാണ് പ്രത്യേക നന്ദി രേഖപ്പെടുത്തുന്നത്. കേന്ദ്ര സർക്കാർ 1998-ൽ കേന്ദ്ര ലോട്ടറി റെഗുലേഷൻ ആക്ട് നടപ്പിലാക്കി. കേന്ദ്ര നിയമത്തിലെ സെക്ഷൻ 4 അനുസരിച്ച് ചില നിബന്ധനകൾ പാലിച്ചുകൊണ്ടുവേണം ലോട്ടറികൾ നടത്താൻ. പ്രധാനമായും 10 നിബന്ധനകൾ പറഞ്ഞിട്ടുണ്ട്. അതിൽ പ്രധാനപ്പെട്ടവ സംസ്ഥാന സർക്കാർ അതിന്റെ മുദ്രയോടു കൂടി ലോട്ടറി ടിക്കറ്റ് നേരിട്ട് അച്ചടിക്കേണ്ടതാണ്, അച്ചടിച്ച ടിക്കറ്റുകൾ സർക്കാർ നേരിട്ടോ സർക്കാർ നിശ്ചയിക്കുന്ന ഏജന്റുമാർ വഴിയോ വിൽക്കാവുന്നതാണ്,

LIBRARY ARCHIVES Kerala Legislative Assembly

ഇത് വിറ്റു കിട്ടുന്ന തുക നേരിട്ട് സർക്കാർ ഖജനാവിൽ അടയ്ക്കേണ്ടതാണ്, സംസ്ഥാന സർക്കാർ നേരിട്ട് നറുക്കെടുപ്പ് നടത്തേണ്ടതാണ്, സംസ്ഥാനത്തിനകത്തു വച്ചു മാത്രമെ നറുക്കെടുപ്പ് നടത്താൻ പാടുള്ളൂ, ആഴ്ചയിൽ ഒന്നിൽക്കൂടുതൽ നറുക്കെടുപ്പ് നടത്താൻ പാടില്ല തുടങ്ങിയവയാണ് അതിൽ പ്രധാനപ്പെട്ട നിബന്ധനകൾ. കേരളത്തിനു പുറത്തുള്ള ഒരു ലോട്ടറിയും, പേപ്പർ ലോട്ടറി യായിരുന്നാലും ഓൺലൈൻ ലോട്ടറി ആയിരുന്നാലും ഈ നിബന്ധനകളൊന്നും പാലിക്കാറില്ല. അതുകൊണ്ടാണ് ഇതിനെതിരായി ഗവൺമെൻറ് ആദ്യം മുതൽ ഒരു നിലപാട് സ്വീകരിച്ചിരുന്നത്. എന്നാൽ സർക്കാരിന് മറ്റുള്ള ലോട്ടറികൾ ബാൻ ചെയ്താൽ കൊള്ളാം എന്ന് ആഗ്രഹമുണ്ട്. കേന്ദ്രനിയമത്തിൽ ഒരു വകുപ്പുണ്ട്. കേന്ദ്രനിയമത്തിലെ സെക്ഷൻ 5 പ്രകാരം ഒരു സംസ്ഥാന സർക്കാരിന് ആ സംസ്ഥാനത്ത് മറ്റ് സംസ്ഥാനങ്ങളുടെ ലോട്ടറി ടിക്കറ്റ് വില്പന നിരോധിക്കാൻ കഴിയുന്നതാണ്. പക്ഷേ ബി. ആർ. എന്റർപ്രൈസസും യു. പി. സംസ്ഥാന സർക്കാരും തമ്മിലുള്ള കേസിൽ, ഒരു സംസ്ഥാനം ലോട്ടറി നടത്തുന്നുവെങ്കിൽ മറ്റ് സംസ്ഥാന ലോട്ടറികൾ ആ സംസ്ഥാനത്ത് നിരോധിക്കാൻ പാടില്ല എന്നു സുപ്രീംകോടതിയുടെ ഉത്തരവ് ഉണ്ടായിട്ടുണ്ട്. കേരള സർക്കാർ 2003-ൽ സ്റ്റേറ്റ് ലോട്ടറി ആന്റ് ഓൺലൈൻ ലോട്ടറീസ് റെഗുലേഷൻ റൂൾസ് നടപ്പിലാക്കി. ഇതിന്റെ ചട്ടം 24-ലെ ഉപചട്ടം 3 പ്രകാരം അന്യസംസ്ഥാന ലോട്ടറികൾ കേരളത്തിൽ വിൽക്കണമെങ്കിൽ ടാക്സസ് സെക്രട്ടറിയുടെ മുൻകൂർ അനുവാദം വാങ്ങേണ്ടതാണ്. ഉപചട്ടം 10 പ്രകാരം കേന്ദ്ര നിയമവും സംസ്ഥാന സർക്കാരിന്റെ ചട്ടങ്ങളും ലംഘിച്ച് ലോട്ടറി നടത്തിയാൽ അത്തരം ലോട്ടറികളുടെ വിൽപ്പന താൽക്കാലികമായി സംസ്ഥാന സർക്കാരിനു നിരോധിക്കാവുന്നതാണ്. അന്യസംസ്ഥാന ലോട്ടറികളും ഓൺലൈൻ ലോട്ടറികളും കേന്ദ്രനിയമത്തിന്റെ 4-ാം വകുപ്പ് ലംഘിച്ചും സംസ്ഥാന സർക്കാരിന്റെ മുൻകൂർ അനുവാദം ഇല്ലാതെയും നടത്തുന്നത് നിയമവിരുദ്ധമാണെന്ന് സംസ്ഥാന ലോട്ടറി ഡയറക്ടർ പത്രങ്ങളിൽ നോട്ടീസ് കൊടുത്തതിനെതിരെ അന്യസംസ്ഥാന ലോട്ടറി ഏജന്റുമാർ ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്യുകയും ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ സിംഗിൾ ബഞ്ച്, 17-11-2003-ലെ വിധി പ്രകാരം ഡയറക്ടറുടെ നടപടി ശരി വയ്ക്കുകയും ചെയ്തു. ഇതിനെതിരെ ഹൈക്കോടതി ഡിവിഷൻ ബഞ്ച് 19-12-2003-ലെ ഇടക്കാല ഉത്തരവ് പ്രകാരം 24-ാം ചട്ടത്തിന്റെ മൂന്നും പത്തും ഉപ ചട്ടങ്ങളെ സ്റ്റേ ചെയ്തത് സംസ്ഥാനത്തിന് എതിരായി. എന്നാൽ 19-3-2004-ലെ ഡിവിഷൻ ബഞ്ചിന്റെ അന്തിമ വിധി കേരള സർക്കാരിന് അനുകൂല മായിരുന്നെങ്കിലും അതിനെതിരെ അന്യസംസ്ഥാനം ഫയൽ ചെയ്ത സിവിൽ അപ്പീലിൽ സുപ്രീംകോടതി ഡിവിഷൻ ബഞ്ചിന്റെ 19-12-2003-ലെ ഇടക്കാല ഉത്തരവ് നിലനിൽക്കുന്നുവെന്നു 17-5-2004-ൽ ഉത്തരവായി. ഫൈനൽ ഓർഡർ നമുക്ക് അനുകൂലമാണെങ്കിലും അതിനെ മറികടന്ന് ഇടക്കാല ഉത്തരവിന് പ്രാബല്യം കൊടുത്തുകൊണ്ടുള്ള ഉത്തരവാണ് സുപ്രീംകോടതിയിൽനിന്ന് ഉണ്ടായത്. അതിന്റെ പൊസിഷൻ, സംസ്ഥാന ഗവൺമെന്റിന്റെ റൂൾ നിലനിൽക്കുകയില്ല എന്നാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

എന്നാൽ ആ ഉത്തരവിൽത്തന്നെ this order will not prevent the competent authorities from taking any action against the appellants or other agents under the provisions of any other law എന്നുണ്ട്. ആ ഉത്തരവിന്റെ വെളിച്ചത്തിൽ നമ്മൾ നടപടികൾ തുടർന്നു. അപ്പോൾ മേഘാലയ ഒരു interlocutory application സുപ്രീംകോടതിയിൽ ഫയൽ ചെയ്യുകയും 11-10-2004-ൽ the impugned judgment is stayed എന്ന് സുപ്രീംകോടതി തുടർന്നു ഉത്തരവ് ഇടുകയും ചെയ്തു. 11-10-2004-ലെ സുപ്രീംകോടതി ഉത്തരവിനുമേൽ സ്റ്റേറ്റിന് കിട്ടിയ നിയമോപദേശത്തിന്റെ അടിസ്ഥാനത്തിൽ അധികാരികൾ ലോട്ടറീസ് ആക്ട് സെക്ഷൻ 4-ന്റെ വയലേഷൻ നടപടികൾ തുടർന്നു. സുപ്രീംകോടതിയിൽനിന്ന് ഈ ഓർഡർ വന്നുവെങ്കിലും ഗവൺമെന്റിന് ആദ്യമേ തന്നെ ഒരു ഉറച്ച നിലപാടുണ്ട്—ഓൺലൈൻ ലോട്ടറി അനുവദിക്കുകയില്ല പേപ്പർ ലോട്ടറി പോലും ഗവൺമെന്റിന്റെ അനുവാദത്തോടുകൂടി കണക്കുകൾ ബോധിപ്പിച്ച് ശരിയായ നികുതി തന്ന ശേഷമേ അനുവദിക്കുകയുള്ളു എന്ന ഒരു ഉറച്ച നിലപാടാണ് ഗവൺമെന്റിനുള്ളത്. പക്ഷേ കോടതികളിൽ നിന്ന് നമുക്ക് അനുകൂലമായ വിധിയല്ല വന്നത്. അവസാനമായി ഉണ്ടായ ഓർഡർ പോലും പാലിക്കാതെ ഗവൺമെന്റ് എടുത്ത നിലപാട്, ആക്ടിലെ 4-ാം വകുപ്പിന്റെ വയലേഷൻ ഉണ്ടെങ്കിലും നടപടികൾ എടുക്കാം എന്ന ഒരു നിലപാടാണ് ഗവൺമെന്റ് എടുത്തത്. ഈ നിബന്ധനകൾ പാലിച്ചില്ലെങ്കിൽ കേരളത്തിൽ ലോട്ടറി നടത്താൻ അനുവദിക്കുകയില്ല. ഓൺലൈൻ ലോട്ടറീസാണ് ഏറ്റവും വലിയ ശല്യം. ഏറ്റവും കൂടുതൽ ആളുകളെ ലോട്ടറിയിലേയ്ക്ക് പ്രേരിപ്പിക്കുന്നതും കൂടുതൽ ആളുകളെ ആത്മഹത്യയിലേയ്ക്ക് നയിക്കുന്നതുമായ ഒരു മേഖല അതാണ്. അപ്പോഴാണ് ഒരു ഇൻഫർമേഷൻ കിട്ടിയത്. ബാഗ്ലൂരിൽ അത് നിരോധിച്ചിട്ടുണ്ടെന്ന്. അതു കണ്ടാണ് ഗവൺമെന്റ് ആദ്യം ഓൺലൈൻ ലോട്ടറി നിരോധിച്ചത്. പക്ഷേ ഗവൺമെന്റ് ഈ നടപടികളുമായി മുന്നോട്ട് പോയപ്പോൾ സെക്രട്ടറിമാരുടെ കോൺഫറൻസിലും പോലീസ് സൂപ്രണ്ടുമാരുടെ കോൺഫറൻസിൽപ്പോലും ഇൻക്യാമറ മീറ്റിംഗിലും ചീഫ് മിനിസ്റ്ററും ഞാനും പറഞ്ഞത് ഒരു കാരണവശാലും ഇത് ഇങ്ങനെ നടത്താൻ അനുവദിക്കുകയില്ല എന്നാണ്. ഇല്ലീഗലായിട്ടാണ് ഇത് നടത്തുന്നത്—അത് നടത്താൻ അനുവദിക്കാൻ പാടില്ല എന്ന ഒരു ഉറച്ച നിലപാടാണ് ആദ്യംമുതൽ അവസാനംവരെ എടുത്തത്. പഴയ ഗവൺമെന്റായാലും ഈ ഗവൺമെന്റായാലും ആദ്യം മുതൽ ഈ നിലപാടാണ് എടുത്തത്. ഞങ്ങൾ വന്നതിനുശേഷം പറയുകയാണെങ്കിൽ അത് നടത്താൻ ആരെയും അനുവദിച്ചിട്ടില്ല. നിയമപ്രകാരമുള്ള മാർഗ്ഗത്തിലായിരുന്നാലും അല്ലാതെയുള്ള മാർഗ്ഗത്തിലായിരുന്നാലും ഒരു കാരണവശാലും അനുവദിക്കുകയില്ല എന്ന നിലപാടാണ് ഞങ്ങൾ എടുത്തിട്ടുള്ളത്. അപ്പോൾ കാണാം ഡി.ജി.പി.-യുടെ പേരിൽ contempt case, ചീഫ് സെക്രട്ടറിയുടെ പേരിൽ contempt case, അവരെയെല്ലാം കോടതിയിൽ വിളിച്ചു നിറുത്തി ഒടുവിൽ വന്നിരിക്കുന്നത് എന്താണ്? നമുക്ക് ഒരു നടപടിയും എടുക്കാൻ നിവൃത്തിയില്ല. ആരുടേയും പേരിൽ എഫ്.ഐ.ആർ.-ന്റെ അടിസ്ഥാനത്തിൽ അനന്തരനടപടികൾ എടുക്കാൻ പാടില്ല. ഏതെങ്കിലും സ്ഥലം സീൽ ചെയ്തിട്ടുണ്ടെങ്കിൽ അത് തുറന്നു കൊടുക്കണം.

ഏതെങ്കിലും സ്ഥാപനങ്ങൾ സീൽ ചെയ്തിട്ടുണ്ടെങ്കിൽ അതെല്ലാം വിട്ടു കൊടുക്കണം എന്നു പറഞ്ഞാൽ ഞങ്ങൾ എന്തു ചെയ്യണം? ഇതിൽ പണിയെടുക്കുന്ന, ഇതുകൊണ്ട് ജീവിക്കുന്ന നിരപരാധികളായ അനേകം ആളുകളെ ഞങ്ങൾ ഓർക്കുന്നു. അവരോട് ഞങ്ങൾക്ക് അനുകമ്പയുണ്ട്. അവർക്കു വേണ്ടി എന്തും ചെയ്യാൻ തയ്യാറാണ്. പക്ഷേ അന്ന് ഇത് ബാൻ ചെയ്തില്ലായിരുന്നെങ്കിൽ ഈ കേരളം പിറ്റേന്നു എല്ലാ ലോട്ടറികളും കൊണ്ട് ഫ്ളെഡ് ചെയ്യുമായിരുന്നു. അപ്പോൾ എന്തു പറയും ഇത്രയും നിരന്തരമായി ലോട്ടറി അനുവദിക്കുകയില്ല എന്ന നിലപാട് ഗവൺമെൻറ് എടുത്തിട്ടുപോലും ആക്ഷേപം എന്താണ്? കള്ളക്കളിയാണെന്നാണ്. ഇന്നുവന്ന അടിയന്തിരപ്രമേയ നോട്ടീസിലും ആക്ഷേപം പറഞ്ഞിട്ടുണ്ട്. ഗവൺമെന്റ് ഇത്രയും ദൃഢമായ ഉറച്ച though unpleasant with a conviction നമ്മൾ ചെയ്യുന്നത് ഇത് അനുവദിക്കുകയില്ല എന്നുള്ളതാണ്. എന്നാലും കള്ളക്കളിയാണ് എന്നാണ് പറയുന്നത്. അപ്പോൾ എല്ലാ ലോട്ടറികളും ഫ്ളെഡ് ചെയ്തിരുന്നെങ്കിൽ എന്തായിരുന്നു ആക്ഷേപം? മുഖ്യമന്ത്രിയും, ധനകാര്യമന്ത്രിയും എല്ലാവരും ചേർന്നു അഴിമതി നടത്തിയെന്നു വരുമായിരുന്നു. ഞങ്ങൾക്ക് നിയന്ത്രിക്കുവാൻ പറ്റുകയില്ല. സുപ്രീംകോടതിയുടെ ഉത്തരവ് വാങ്ങാതെ ഒരു നടപടിയും എടുക്കുവാൻ പറ്റുകയില്ല. അപ്പോഴാണ് ഈ അൺപ്ലസന്റ് ജോബ് ചെയ്യാൻ നിർബന്ധിതമായത്. പണിയെടുക്കുന്ന, ലോട്ടറി ടിക്കറ്റ് വിറ്റു ജീവിക്കുന്ന പാവപ്പെട്ട ആളുകളോട് സിമ്പതിയുണ്ട്. വളരെയധികം സിമ്പതിയുണ്ട്. ഇതിന് ഗവൺമെന്റ് ചെയ്യാവുന്നത് തീർച്ചയായും ചെയ്യും. ഇത് ബാൻ ചെയ്ത അന്നുതന്നെ, അവരെ പുനരധിവസിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമെന്ന് പറഞ്ഞു. മാത്രമല്ല, ഈ കേസിൽ ഫൈറ്റ് തുടരുമെന്നും പറഞ്ഞു. സംസ്ഥാന ലോട്ടറി മാത്രം നടത്താൻ പറ്റുമെങ്കിൽ നടത്തുമെന്നും പറഞ്ഞു. അതല്ലാതെ ഇത് വേറെ ഏതെങ്കിലും വാശിയെന്നോ ദുർവാശിയെന്നോ ആർക്കു വേണമെങ്കിലും പറയാം. പാവപ്പെട്ട ആളുകളോടാണോ വാശി? അവരുടെ പ്രശ്നങ്ങൾ ഗവൺമെന്റ് തീർച്ചയായും പരിഗണിക്കും. എന്റെ ഒരു അഭ്യർത്ഥന, പ്രതിപക്ഷംകൂടി സഹകരിക്കണം. പ്രതിപക്ഷങ്ങളോടും ചർച്ച ചെയ്യാൻ ഗവൺമെന്റ് തയ്യാറാണ്. ആരോട് വേണമെങ്കിലും ചർച്ച ചെയ്യാൻ തയ്യാറാണ്. എന്തു നടപടി വേണമെന്ന് കൂട്ടായി ആലോചിച്ചാൽ ആ നടപടികളിൽ ഏതു വേണമെങ്കിലും സ്വീകരിക്കുവാൻ തയ്യാറാണ്. അതുകൊണ്ട് ഈ വിഷയം സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ഒന്നാണെന്ന് എനിക്ക് അഭിപ്രായമില്ല.

ശ്രീ. എ. കെ. ബാലൻ: സർ, വളരെ അടിയന്തിര പ്രാധാന്യമുള്ള പ്രമേയം അവതരിപ്പിക്കുന്നതിനുള്ള അനുമതി ലഭിക്കുന്നതിനുവേണ്ടിയാണ് ഞാൻ നോട്ടീസ് തന്നത്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ പരാമർശങ്ങൾക്ക് എന്റെ ഭാഗത്തുനിന്ന് വളരെ വ്യക്തമായ മറുപടി ഉണ്ടാകും. ബഹുമാനപ്പെട്ട ഉമ്മൻചാണ്ടി ഗവൺമെന്റ് അധികാരമേറ്റ് അഞ്ചു മാസം പൂർത്തിയാകുകയാണ്. ഈ ഘട്ടത്തിലാണ് മുന്നര ലക്ഷം വരുന്ന ലോട്ടറി വില്പനക്കാരേയും ഏജന്റുമാരേയും അവരെ ആശ്രയിച്ചു ജീവിക്കുന്ന പതിനഞ്ചുലക്ഷത്തിൽപ്പരം വരുന്ന കുടുംബാംഗങ്ങളേയും മുഴുപ്പട്ടിണിയിലേയ്ക്കും ആത്മഹത്യയിലേയ്ക്കും നയിക്കുന്ന ലോട്ടറി നിരോധനം ഗവൺമെന്റ് പ്രഖ്യാപിച്ചത്. യു.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ പതിനഞ്ചുലക്ഷം പേർക്ക് ജോലി കൊടുക്കുമെന്ന് ഉറപ്പു നൽകിയിരുന്നു. ലോട്ടറി

LIBRARY ARCHIVES Kerala Legislative Assembly

നിരോധനത്തിന്റെ ആദ്യത്തെ രക്തസാക്ഷി ആലപ്പുഴ ജില്ലയിലെ തകഴി സ്വദേശി നാല്പത്തിമൂന്നു വയസ്സുള്ള ശശികുമാർ ആണ്. മുഖ്യമന്ത്രിക്ക് കത്ത് എഴുതിവച്ചശേഷം 26-1-2005-ന് രാത്രി ഒമ്പത് മണിക്ക് തീവണ്ടിക്കു മുമ്പിൽ ചാടി ആത്മഹത്യ ചെയ്തു. ഇത്തരം സംഭവം ഇന്ത്യാ രാജ്യത്ത് ആദ്യമാണ്. അമ്പലപ്പുഴയിൽ നാരായണപിള്ള വിഷംകഴിച്ച് ഗുരുതരാവസ്ഥയിൽ ആശുപത്രിയിലാണ്. കക്കാട്ട സ്വദേശി രാധാകൃഷ്ണൻ, വാളാംചേരി ഗോവിന്ദൻ, മഞ്ചേരി മുഹമ്മദ്, ചേർത്തല വർഗ്ഗീസ് തുടങ്ങിയവർ ആത്മഹത്യ ചെയ്യുമെന്ന് ഗവൺമെന്റിന് മുന്നറിയിപ്പ് നല്കിയിരിക്കുന്നു. പലരും സമനില തെറ്റിയ അവസ്ഥയിലാണ്. പാലക്കാട് ജില്ലയിൽ ലോട്ടറി വിറ്റു ജീവിക്കുന്ന മൂന്നു കുട്ടികൾ—ആറു വയസ്സ്, ഏഴു വയസ്സ്, എട്ടു വയസ്സ്—ലോട്ടറി നിരോധിച്ച ദിവസം നെഞ്ചത്തടിച്ചു കരഞ്ഞ ഹൃദയഭേദകമായ കാഴ്ച ഈ പ്രദേശത്തെ ജനങ്ങൾ കണ്ടതാണ്, പത്രത്തിൽ വാർത്ത വന്നതാണ്. ലോട്ടറി വിറ്റു ജീവിക്കുന്ന നിരാലംബരെ കൂട്ട ആത്മഹത്യയ്ക്ക് നിർബന്ധിതരാക്കുന്നതിനു മുമ്പ് ഗവൺമെന്റ് ഈ തീരുമാനം പുനഃപരിശോധിക്കണമെന്നാണ് ഞാൻ അഭ്യർത്ഥിക്കുന്നത്. ഇല്ലെങ്കിൽ സുനാമിയേക്കാൾ വലിയ ദുരന്തത്തിന് കേരളം സാക്ഷ്യം വഹിക്കേണ്ടി വരും. സമൂഹത്തിൽ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള, മറ്റൊരു ജോലിയും പ്രത്യേകിച്ച് ചെയ്യാൻ കഴിയാത്ത, രോഗികളും വികലാംഗരും യാചകരും വിദ്യാർത്ഥികളുമെല്ലാം അതിൽപ്പെടുന്നു. കേരളത്തിൽ യാചകരുടെ എണ്ണം കുറഞ്ഞതിന്റെ പ്രധാനപ്പെട്ട ഒരു കാരണം ഈ തൊഴിലവസരമായിരുന്നു എന്നുള്ള യാഥാർത്ഥ്യം ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ചാരായ നിരോധനത്തെത്തുടർന്ന് ഒരു തൊഴിലാളിയെപ്പോലും പുനരധിവസിപ്പിക്കുവാൻ കഴിയാത്ത ഒരു ഗവൺമെന്റാണ് ലോട്ടറി രംഗത്തെ മൂന്നരലക്ഷത്തിൽപ്പരം വരുന്ന തൊഴിലാളികളിൽ ഇരുപതിനായിരം പേരെ പുനരധിവസിപ്പിക്കുവാൻ നടപടിയെടുക്കുമെന്ന് പ്രഖ്യാപിച്ചത്. 18-6-2003-ൽ എന്റെ 343-ാം നമ്പർ അൺസ്റ്റാർഡ് ചോദ്യത്തിന് അന്നത്തെ ധനമന്ത്രി ഉത്തരം നല്കിയത്, ലോട്ടറി രംഗത്ത് 32,290 ഏജന്റുമാരും രണ്ടര ലക്ഷത്തിൽപ്പരം ലോട്ടറി വില്പനക്കാരും ഉണ്ടെന്നാണ്. കഴിഞ്ഞ എൽ.ഡി.എഫ്. ഭരണത്തിന്റെ അവസാന വർഷത്തിൽ ലോട്ടറിയുടെ വിറ്റു വരവ് 133 കോടി രൂപയും ലാഭം 26.79 കോടി രൂപയും ആയിരുന്നുവെങ്കിൽ യു.ഡി.എഫ്.-ന്റെ ഭരണകാലത്ത് ലോട്ടറിയുടെ വിറ്റു വരവ് 2002-2003 വർഷം 131 കോടി രൂപയും ലാഭം 13 കോടി രൂപയുമാണ്. കേരളാ ലോട്ടറിക്ക് ഈ ഗതികേട് വന്നത് എന്തുകൊണ്ടാണ്? കേരളാ ലോട്ടറിയുടെ വരവും ലാഭവും കുറയാൻ കാരണം അന്യസംസ്ഥാന ലോട്ടറി മാഫിയാ സംഘം ഇവിടെ നടത്തിയ കൊള്ളയാണ്. കേരള ഗവൺമെന്റിന്റെ ഒത്താശയോടെയാണ് ഇതെല്ലാം സംഭവിച്ചിട്ടുള്ളത്. എൽ.ഡി.എഫും പ്രതിപക്ഷ നേതാവും നിരവധി പ്രാവശ്യം മുന്നറിയിപ്പു നല്കിയതാണ്. കേരളാ ലോട്ടറിയെ മാഫിയാ സംഘം തകർക്കുമെന്ന് എൽ.ഡി.എഫ്. നിരവധി തവണ ഈ സഭയിൽ മുന്നറിയിപ്പ് നൽകിയിരുന്നു. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് പത്രസമ്മേളനങ്ങൾ വഴിയും പ്രസ്താവനകൾ വഴിയും മറ്റും ലോട്ടറി മാഫിയാ സംഘത്തെ സഹായിക്കുന്ന ഈ ഗവൺമെന്റിന്റെ സമീപനത്തിനെതിരായി നിരവധി തവണ മുന്നറിയിപ്പ് നല്കിയിരുന്നു. പരാതി ആധികാരികമായിത്തന്നാൽ നടപടി എടുക്കാമെന്ന് അന്നത്തെ മുഖ്യമന്ത്രി ശ്രീ. എ. കെ. ആന്റണിയും പിന്നീടു വന്ന ബഹുമാനപ്പെട്ട ഉമ്മൻചാണ്ടിയും ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിനെ വെല്ലുവിളിച്ചതിനുശേഷം

LIBRARY ARCHIVES Kerala Legislative Assembly

പരാതി കൃത്യമായി എഴുതി കൊടുത്തിട്ടുപോലും നാളിതുവരെ ഒരു നടപടിയും ഉണ്ടായില്ല. 2004 ജനുവരി മുപ്പതാം തീയതി ഞാൻതന്നെ അവതരിപ്പിച്ച ലോട്ടറി വില്പനക്കാർക്കുള്ള ക്ഷേമപദ്ധതി സംബന്ധിച്ച സ്വകാര്യ ബില്ലിന്റെ ചർച്ചയിൽ ഈ കാര്യം വളരെ വ്യക്തമായി എടുത്തു പറഞ്ഞതാണ്. അഡ്വക്കേറ്റ് ജനറലിന്റെ ഓഫീസിനെ സമൃദ്ധമായി ഉപയോഗിച്ചാണ് ലോട്ടറി മാഫിയാ സംഘം തഴച്ചു വളർന്നത്. ഇതിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടേയും ധനകാര്യവകുപ്പ് മന്ത്രിയുടെയും സർവ്വവിധ പിന്തുണയുമുണ്ട് എന്നു ഞാൻ വിശ്വസിക്കുന്നു. അനധികൃത ലോട്ടറിക്കെതിരായി കേരളാ ഹൈക്കോടതിയിൽ ഗവൺമെന്റിനുവേണ്ടി ഫലപ്രദമായി കേസ് വാദിച്ച ഗവൺമെന്റ് സീനിയർ അഭിഭാഷകൻ അജിത് പ്രകാശിനെ out of Agenda വച്ച് മാറ്റുന്നതിന് എന്തായിരുന്നു കാരണം എന്നതിനെ സംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രി മറുപടി പറയുമെന്ന് ഞാൻ വിശ്വസിക്കുന്നു. Paper online Lottery സംഘത്തിന് എതിരായി ശക്തമായ നിലപാടെടുത്ത ലോട്ടറി ഡയറക്ടർ സുരേഷ്കുമാർ, ഐ.എ.എസ്സി.-നെ മാറ്റണമെന്നു പറഞ്ഞുകൊണ്ട് ലോട്ടറി മാഫിയാ സംഘം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ കണ്ടിരുന്നു. അതിനു ശേഷമാണ് അദ്ദേഹത്തെ മാറ്റിയത്. 1500 പരാതികൾ ലോട്ടറി ഡിപ്പാർട്ടുമെന്റ് പോലീസിന് കൊടുത്തിട്ടും ഈ കൊള്ള സംഘത്തിനെതിരായി കേസ് രജിസ്റ്റർ ചെയ്തില്ല. ആയിരത്തി അഞ്ഞൂറിൽ അമ്പതു കേസ് മാത്രമാണ് രജിസ്റ്റർ ചെയ്തത്. ഇതിൽ ഒന്നു പോലും ഇന്നുവരെ ചാർജ് ചെയ്തിട്ടില്ല. കേസ് എടുക്കുവാൻ പാടില്ലാ എന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി ഡി.ജി.പി.ക്ക് നിർദ്ദേശം കൊടുത്തതിന്റെ ഭാഗമായിട്ടാണ് ഇത് സംഭവിച്ചത്. 5,750 കോടി രൂപയുടെ നികുതി വെട്ടിപ്പ് നടന്നതായിട്ടാണ് കണക്കാക്കിയിട്ടുള്ളത്. ഈ ഇനത്തിൽ ഒരു രൂപ പോലും പിരിച്ചെടുക്കുവാൻ കേരളാ ഗവൺമെന്റിന് കഴിഞ്ഞിട്ടില്ല. ഹൈക്കോടതി ഡിവിഷൻ ബഞ്ച് പോലും പറഞ്ഞു, നിങ്ങൾക്ക് എന്തു നടപടി വേണമെങ്കിലും എടുക്കാം. ടാക്സ് തിരിച്ചു പിടിക്കുന്നതിൽ ഗവൺമെന്റിന് യാതൊരു നിയമ തടസ്സവുമില്ല എന്ന്. ഇവിടെ പ്രവർത്തിക്കുന്ന ഓരോ അന്യസംസ്ഥാന ഓൺ ലൈൻ ലോട്ടറി ഔട്ട്ലെറ്റിൽനിന്നും നിലവിലുണ്ടായിരുന്ന licence fees cum sales tax കഴിഞ്ഞ ബഡ്ജറ്റു വരെ ഇരുപതിനായിരം രൂപയായിരുന്നു കോമ്പൗണ്ടു ചെയ്ത് വാങ്ങാൻ തീരുമാനിച്ചിരുന്നത്. കഴിഞ്ഞ ബഡ്ജറ്റിന്റെ ഭാഗമായി മാഫിയാ സംഘങ്ങൾ നടത്തുന്ന മൂവായിരത്തോളം വരുന്ന ഔട്ട്ലെറ്റിൽനിന്നും, ഓരോ ഔട്ട്ലെറ്റിൽനിന്നും ഇരുപതിനായിരം രൂപ വാങ്ങണമെന്ന തീരുമാനം മാറ്റി. അത് നിങ്ങൾ അയ്യായിരം രൂപയാക്കി കുറച്ച് ഈ കള്ളത്തരത്തിനു കൂട്ടുനിന്നു. അതേ അവസരത്തിൽ കേരളാ ലോട്ടറിയുടെ ഒരു ഏജന്റ് ഇരുപത്തിയഞ്ചു രൂപ കൊടുത്തുകൊണ്ടാണ് രജിസ്ട്രേഷൻ നടത്തിയത് എങ്കിൽ അത് നിങ്ങൾ നാനൂറു രൂപയാക്കി ഉയർത്തി. ഇത് ആരെ സഹായിക്കുവാൻ വേണ്ടിയായിരുന്നു? പ്ലേ വിൻ എന്നു പറയുന്ന കൊള്ള കമ്പനി 895 കോടി രൂപ ഈ ഗവൺമെന്റിന് കൊടുക്കുവാനുണ്ട്. അത് കൊടുക്കേണ്ടതില്ലെന്ന് നിങ്ങളുടെ അഡ്വക്കേറ്റ് ഹൈക്കോടതിയിൽ പറഞ്ഞതിന്റെ ഫലമായി അദ്ദേഹത്തിന്റെ റിട്ട് സ്വീകരിച്ചു. ഇരുപത്തിനാല് വൻകിട ലോട്ടറി വിതരണക്കാർക്ക് വേണ്ടി ഇപ്പോഴും ഹൈക്കോടതിയിൽ ഗവൺമെന്റിനെതിരായി ഹാജരാകുന്നത് എം.ആർ. സിംഗ് ആന്റ് കമ്പനി എന്ന രത്നസിംഗിന്റെ ഓഫീസിലെ അഭിഭാഷകന്മാരാണ്. വാദിക്കും പ്രതിക്കും

LIBRARY ARCHIVES Kerala Legislative Assembly

വേണ്ടി ഒരേ വക്കീൽ പ്രവർത്തിക്കുന്നു. ഇതിനെതിരായി ലോട്ടറി ഡയറക്ടർ നികുതി സെക്രട്ടറി, എന്നിവർ രേഖാമൂലം ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് പരാതി കൊടുത്തു. അഡ്വക്കേറ്റ് ജനറലിന്റെ ഓഫീസിൽനിന്നാണ് ഈ കള്ളക്കളി നടക്കുന്നത് എന്നു പറഞ്ഞ് ഒരു നടപടിയും നിങ്ങൾ സ്വീകരിച്ചില്ല. പ്രതിദിനം പതിനഞ്ചുലക്ഷം കേരളീയരെ വഞ്ചിക്കുന്ന അന്യസംസ്ഥാന ലോട്ടറിക്കാർക്കെതിരായി നടപടി എടുക്കുവാൻ കേന്ദ്രലോട്ടറി നിയമം 1998-ൽ സെക്ഷൻ 4 പ്രകാരം കേരളാ ഗവൺമെന്റിന് അധികാരമുണ്ടെന്ന് ജസ്റ്റിസ് ബാലകൃഷ്ണൻ നായരുടെ സിംഗിൾ ബഞ്ചിന്റെ വിധി 17-11-2003-ന് വന്നതാണ്. അതിനെതിരായി സുപ്രീംകോടതിയിൽ സ്റ്റേ കൊടുത്തപ്പോൾ സുപ്രീംകോടതിയിൽ കേരളാ ഗവൺമെന്റിനുവേണ്ടി വാദിക്കുവാൻ ഒരു വക്കീലും ഉണ്ടായിരുന്നില്ല. സുപ്രീംകോടതിയിൽ കേരളാ ഗവൺമെന്റിനുവേണ്ടി അതുവരെ വാദിച്ചിരുന്ന ശ്രീ. റാവുവിനെ, സീനിയർ അഭിഭാഷകനെ നിങ്ങൾ മാറ്റി. അദ്ദേഹത്തിന് ഫീസ് പോലും നിങ്ങൾ കൊടുത്തില്ല. 2004 ഒക്ടോബർ മാസം 17-ാം തീയതി സുപ്രീംകോടതി സ്റ്റേ നൽകി നാല് മാസം കഴിഞ്ഞിട്ടും സ്റ്റേ മാറ്റാൻ കേരള ഗവണ്മെന്റിന് കഴിഞ്ഞില്ല. സുപ്രീംകോടതിയുടെ സ്റ്റേയുള്ള അവസരത്തിൽ ഓൺലൈൻ ലോട്ടറിക്കെതിരായി പോലീസിനെക്കൊണ്ട് ബോധപൂർവ്വം നിങ്ങൾ കേസെടുപ്പിച്ചു. അഡീഷണൽ അഡ്വക്കേറ്റ് ജനറൽ ശ്രീ. രാജൻ ബാബുവിന്റെ നിർദ്ദേശമായിരുന്നു ഇതിന്റെ പിന്നിലുണ്ടായിരുന്നത്. അതിന്റെ പിന്നിൽ വലിയൊരു നാടകമുണ്ടായിരുന്നു. കോടതി അലക്ഷ്യം ക്ഷണിച്ചുവരുത്തുക എന്നുള്ളതായിരുന്നു ഉദ്ദേശ്യം. അതുവഴി ലോട്ടറി മാഫിയ സംഘത്തെ സമർത്ഥമായി ഗവൺമെന്റ് സഹായിച്ചു. നിയമ വ്യവസ്ഥയിൽ കേട്ടുകേൾവി പോലുമില്ലാത്ത രൂപത്തിൽ ചീഫ് സെക്രട്ടറി കോർട്ട് അലക്ഷ്യത്തിൽനിന്ന് രക്ഷപ്പെടാൻ സുപ്രീംകോടതിയിൽ കൊടുത്ത അഫിഡവിറ്റാണ് ബഹുമാനപ്പെട്ട മന്ത്രി നേരത്തെ ഇവിടെ വായിച്ചത്. അനധികൃത ലോട്ടറി സംഘത്തെ സഹായിക്കാനായിരുന്നു അഫിഡവിറ്റ് കൊടുത്തത്. കേന്ദ്ര ലോട്ടറി നിയമത്തിനെതിരായി പ്രവർത്തിക്കുന്ന അന്യസംസ്ഥാന ഓൺലൈൻ ലോട്ടറി സ്ഥാപനങ്ങൾക്കെതിരായി പോലീസ് കേസ് എടുക്കില്ലെന്നും എടുത്ത കേസുകൾ പിൻവലിക്കുമെന്നും പിടിച്ചെടുത്ത തൊണ്ടി സാധനങ്ങൾ തിരിച്ചു കൊടുക്കുമെന്നും സുപ്രീംകോടതിയിൽ അഫിഡവിറ്റ് നൽകിയത് ലോട്ടറി മാഫിയ സംഘത്തെ സഹായിക്കാൻ മുൻകൂട്ടി ആസൂത്രണം ചെയ്ത നാടകത്തിന്റെ ഭാഗമായിരുന്നു. വൈദ്യൻ കൽപ്പിച്ചതും രോഗി ആഗ്രഹിച്ചതും പാൽ തന്നെ. കേരള ലോട്ടറി നിരോധിക്കണമെന്ന് സുപ്രീംകോടതി പറയാത്ത സാഹചര്യത്തിൽ കേരള ലോട്ടറി നിരോധിച്ചത് ആരെ തൃപ്തിപ്പെടുത്താനാണ്? 21-2-2005-ലേക്ക് ഈ കേസ് മാറ്റിയ പ്രത്യേക സാഹചര്യത്തിൽ കേരളത്തിൽ നിലവിലുള്ള ലോട്ടറി നിരോധിക്കുന്നതിന് നിർബന്ധിപ്പിക്കപ്പെട്ട സാഹചര്യത്തെക്കുറിച്ച് ബഹുമാനപ്പെട്ട മന്ത്രി വ്യക്തമായ മറുപടി പറയണം. ലോട്ടറി നിരോധനം വന്നതിനു ശേഷംപോലും അന്യസംസ്ഥാന ഓൺലൈൻ ലോട്ടറികൾ കേരളത്തിൽ ടിക്കറ്റ് വിൽപ്പന നടത്തുന്നു, നറുക്കെടുപ്പ് നടത്തുന്നു, ഫലം പത്രത്തിൽ വരുന്നു. പോലീസ് കുന്തം പോലെ നോക്കി

LIBRARY ARCHIVES Kerala Legislative Assembly

നിൽക്കുന്നു. ഇതൊക്കെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ലോട്ടറി മാഫിയ സംഘവും നടത്തിയ ഗൂഢാലോചനയെയാണ് സൂചിപ്പിക്കുന്നത് എന്ന് ഈ സഭയിൽ വ്യക്തമാക്കാൻ ഞാൻ ആഗ്രഹിക്കുന്നു. അതിന് ധനകാര്യ വകുപ്പുമന്ത്രി കൂട്ടുനിന്നു എന്നുള്ളതാണ് സത്യം. നിരാലംബരായ ആയിരക്കണക്കിന് പാവങ്ങളുടെ ജീവിക്കാനുള്ള അവകാശത്തെയാണ് ഈ പാപികൾ ഇല്ലാതാക്കിയത്. ശവംതീനികളുടെ ഗവണ്മെന്റാണിത്. ജനങ്ങളോട് ഇനിയും പക കാട്ടരുത്. ഒരു ചാൺ വയറിന്റെ വിശപ്പടക്കാൻ കഴിയാത്തതുകൊണ്ട് ഒരു ആത്മഹത്യ ഇനിയും ഇവിടെ ഉണ്ടാകാൻ പാടില്ല. അങ്ങനെ വന്നാൽ നിങ്ങളെക്കൊണ്ട് ഈ പാവപ്പെട്ടവരുടെ ശവം ഞങ്ങൾ തീറ്റിക്കും. പാവപ്പെട്ട ഒരു ലോട്ടറി തൊഴിലാളിയായിരുന്ന ശശികുമാർ മരണപ്പെട്ടു. ഗവണ്മെന്റ് എടുത്ത തീരുമാനമാണ് ആത്മഹത്യയിലേക്ക് നയിച്ചതെന്ന് മുഖ്യമന്ത്രിക്ക് കത്തെഴുതിവച്ചിട്ടാണ് അയാൾ മരിച്ചത്. ഇൻഡ്യൻ പീനൽ കോഡ് 306-ാം വകുപ്പു പ്രകാരം ആത്മഹത്യയ്ക്ക് പ്രേരിപ്പിച്ച മുഖ്യമന്ത്രിയേയും ധനകാര്യ വകുപ്പുമന്ത്രിയേയും പ്രോസിക്യൂട്ട് ചെയ്യണം. ഇനിയും ആത്മഹത്യകൾ കേരളത്തിൽ ഉണ്ടാകാതിരിക്കണമെങ്കിൽ ബഹുമാനപ്പെട്ട സ്പീക്കർ സഭ നിർത്തി വച്ച് ഈ പ്രശ്നം ചർച്ച ചെയ്യണം, 1967-ലെ കേരള സപ്തകക്ഷി ഗവണ്മെന്റാണ് കേരള ലോട്ടറിക്കും കേരള ഫിനാൻഷ്യൽ എന്റർപ്രൈസസിനും രൂപം കൊടുത്തത്. ഈ രണ്ട് സ്ഥാപനങ്ങളേയും നശിപ്പിക്കുക എന്നുള്ളതായിരുന്നു ഗവണ്മെന്റിന്റെ ലക്ഷ്യം. അതിൽ ലോട്ടറിയെ ഇപ്പോൾ നശിപ്പിച്ചു. കെ.എസ്.എഫ്.ഇ.-യെയും നശിപ്പിക്കാൻ പോവുകയാണ്. ഗുരുതരമായ ഈ സ്ഥിതിവിശേഷം കേരളത്തിലെ പതിനായിരക്കണക്കിന് ജനങ്ങളെ കണ്ണീരിലാഴ്ത്തി. നിരവധി പേർ ആത്മഹത്യയുടെ പാത സ്വീകരിക്കാൻ പോകുന്ന അവസ്ഥയിൽ ഈ പ്രശ്നം സഭ നിർത്തി വച്ച് ചർച്ച ചെയ്യണമെന്ന വിനീതമായ അഭിപ്രായം സഭ പൂർണ്ണമായും ഉൾക്കൊള്ളണമെന്ന് അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വക്കം പുരുഷോത്തമൻ: സർ, ബഹുമാനപ്പെട്ട ബാലൻ ഇവിടെ പ്രകടിപ്പിച്ച വികാരം കണ്ട് ഞാൻ അത്ഭുതപ്പെടുകയാണ്. ഈ ഗവണ്മെന്റ് അന്യ സംസ്ഥാന പേപ്പർ ലോട്ടറി ആയിരുന്നാലും ഓൺ ലൈൻ ലോട്ടറി ആയിരുന്നാലും കേരളത്തിൽ അനുവദിക്കുകയില്ല എന്ന വളരെ കർശനമായ നിലപാട് സ്വീകരിച്ചിട്ടും ഗവണ്മെന്റിനെ കുറ്റപ്പെടുത്തുന്ന ഒരു നിലപാടെടുത്തു. കൂടൽ എടുത്തു കാണിച്ചാലും വാഴനാരാണെന്ന് പറയുന്ന ഈ നിലപാട് നിങ്ങൾ മാറ്റണം. ചില കാര്യങ്ങളിലെങ്കിലും നമുക്ക് ഒരുമിച്ച് മുന്നോട്ട് പോകാൻ കഴിയണം. ഇതിൽ പണിയെടുക്കുന്ന പാവപ്പെട്ട ജീവനക്കാരെ രക്ഷപ്പെടുത്തണമെന്ന് ഗവണ്മെന്റിന് വളരെ നിർബന്ധമുണ്ട്. അത് ഗവണ്മെന്റ് വളരെ കാര്യമായിത്തന്നെ ആലോചിക്കുകയും ചെയ്യും. മൂന്നു നാല് ദിവസത്തിനകം തന്നെ അതു സംബന്ധിച്ച ഗവണ്മെന്റ് നിലപാട് നിങ്ങൾക്ക് മനസ്സിലാക്കാൻ കഴിയും. മുമ്പൊരിക്കലും ഉണ്ടാകാത്ത രീതിയിൽ അവരെ പുനരധിവസിപ്പിക്കാനുള്ള പദ്ധതിയുണ്ടാകുമെന്ന് ഞാൻ ഈ സഭയിൽ ഉറപ്പിച്ച് പറയുകയാണ്. ഇവിടെ എല്ലാപേരും, ഭരണപക്ഷത്തുള്ളവരും പ്രതിപക്ഷത്തുള്ളവരും പറയുന്നു മൂന്നര ലക്ഷം തൊഴിലാളികളുണ്ട്, മൂന്നര ലക്ഷം തൊഴിലാളികളുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

എന്ന്. ലോട്ടറി ഡിപ്പാർട്ടുമെന്റിൽ കൂടുതൽ ആളുകൾ പലപ്പോഴായി രജിസ്റ്റർ ചെയ്തിട്ടുണ്ടായിരുന്നു. അത് ഇയർലി പുതുക്കണമെന്നുണ്ടെങ്കിൽ 100 രൂപ അടയ്ക്കണമായിരുന്നു. അങ്ങനെ പുതുക്കുന്നവർ മാത്രമാണ് ഏജന്റുമാരായി ലൈവ് രജിസ്റ്ററിൽ ഉള്ളത്. ഈ വർഷം 1292 പേരാണ് അങ്ങനെ പുതുക്കിയത്. അതിൽത്തന്നെ 1272 പേരാണ് സ്ഥിരമായി ടിക്കറ്റ് വാങ്ങുന്നത്. പക്ഷേ അവർ മാത്രമല്ല അവരുടെ പക്കൽ നിന്ന് ടിക്കറ്റ് വാങ്ങി വിൽക്കുന്ന കുറെ ആളുകൾ കൂടിയുണ്ട്. പക്ഷേ മൂന്നര ലക്ഷം എന്ന് എന്റെ സുഹൃത്തുക്കളടക്കം എല്ലാപേരും വളരെ കൃത്യമായി ഒരേ സ്വരത്തിൽ പറയുന്നു. ഒരു മാസം ശരാശരി ഒരു കോടി നാൽപ്പതിനായിരത്തിനു താഴെ ടിക്കറ്റുകളാണ് വിൽക്കുന്നത്. ഒരു കോടി നാൽപ്പതിനായിരം ഇല്ല. അതിനു താഴെയാണ്. ഒരു കോടി നാൽപ്പതിനായിരം ടിക്കറ്റ് തന്നെ ഒരു മാസത്തിൽ വിൽക്കുന്നു എന്നുപറഞ്ഞാലും മൂന്നര ലക്ഷം ആളുകളുണ്ടെങ്കിൽ ഒരാളിന് നാൽപ്പത് ടിക്കറ്റേ കിട്ടുകയുള്ളൂ. അപ്പോൾ മൂന്നര ലക്ഷത്തിന്റെ കണക്കുതന്നെ എത്ര പൊള്ളയാണെന്ന് മനസ്സിലായില്ലേ? മാസം 40 ടിക്കറ്റ് വിറ്റാണോ അവർ ജീവിക്കുന്നത്. ആ കണക്ക് അടിസ്ഥാനരഹിതമായി വെറുതെ ഗവണ്മെന്റിനെ അടിക്കാൻ മാത്രമായി ഉപയോഗിക്കുന്നു.....(ബഹളം).....എനിക്ക് അറിയില്ല. ഞാൻ പറയുന്നത് ഫാക്ച്വലായ കണക്കാണ്. കണക്ക് കള്ളം പറയില്ലല്ലോ എന്നുകരുതി അതിന്റെ ഗൗരവം ഞാൻ കുറച്ച് കാണിക്കുന്നില്ല.....(ബഹളം).....ചട്ടത്തിൽ അതൊന്നും പറയുന്നില്ല. ഡിപ്പാർട്ടുമെന്റിൽനിന്നും എനിക്ക് കിട്ടിയ ആധികാരികമായ നോട്ടിന്റെ അടിസ്ഥാനത്തിലാണ് ഞാൻ സംസാരിക്കുന്നത്.....(ബഹളം)..... ശ്രീ. ബാലന് ഇത് അറിഞ്ഞുകൂടേ? ഇത് കണക്കുള്ളതല്ലേ? ഒരു മാസം എത്ര ടിക്കറ്റ് വിൽക്കുന്നു എന്നുള്ളത് കണക്കുള്ളതല്ലേ? കള്ളം പറയാൻ പറ്റുമോ?

മി. ഡെപ്യൂട്ടി സ്പീക്കർ: ബാലൻ, പ്ലീസ്... മന്ത്രിയുടെ മറുപടി കഴിഞ്ഞിട്ട് നിങ്ങൾക്ക് പറയാമല്ലോ?

ശ്രീ. വക്കം പുരുഷോത്തമൻ: അഡ്വക്കേറ്റ് ജനറലിനെക്കുറിച്ച് നിങ്ങൾക്ക് എന്തെങ്കിലും അഭിപ്രായം ഉണ്ടെങ്കിൽ അതിന് എനിക്ക് മറുപടി പറയാനില്ല. പിന്നെ ഇവിടെ ആത്മഹത്യയെക്കുറിച്ച് പറയുന്നു. ആത്മഹത്യ ഓൺലൈൻ ലോട്ടറിയിലാണോ അതോ പേപ്പർ ലോട്ടറിയിലാണോ കൂടുതൽ നടക്കുന്നത് എന്ന് നിങ്ങൾക്കറിയാം. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് സുപ്രീംകോടതിയിൽ ഒരു കേസ് കൊടുത്തിട്ടുണ്ട്. ആ കേസിൽ ഓൺ ലൈൻ ലോട്ടറിയെക്കുറിച്ച് ഒന്നും പറയുന്നില്ല. പേപ്പർ ലോട്ടറിയെക്കുറിച്ച് മാത്രമേ അതിൽ പറയുന്നുള്ളൂ. എന്തുകൊണ്ടാണ് ഓൺ ലൈൻ ലോട്ടറിയെ അദ്ദേഹം വിട്ടുകളഞ്ഞത് എന്നറിയില്ല. ഞാൻ അത് വായിച്ചിട്ട് കാണാത്തതുകൊണ്ട് വേറെ ആളുകളെ കൊണ്ട് വായിപ്പിച്ചു നോക്കി. ഓൺ ലൈൻ ലോട്ടറി ഇല്ല. പക്ഷേ അതിൽ അദ്ദേഹം പറയുന്നത് "it is respectfully submitted that in the State of Kerala, here are thousands of lottery addicts and the addicts has driven many families to mass suicide. The magnitude of the menace is that every minute there are lotteries organised by the agents of the North Eastern States."

അനേകായിരം പേർ മരിച്ചുകൊണ്ടിരിക്കുകയാണ്. അദ്ദേഹം പറയുന്നത് പേപ്പർ ലോട്ടറിയുടെ കാര്യമാണ്. അനേകായിരം പേർ മരിച്ചുകൊണ്ടിരിക്കുന്നു എന്നു പറഞ്ഞാണ് അദ്ദേഹം ഇവിടെ കേസ് കൊടുത്തിരിക്കുന്നത്.
10.00 a.m.] അതുപോലെ തന്നെ വേറൊരു കാര്യം പറഞ്ഞു. ഞങ്ങൾ ലോട്ടറിക്കാരെ സഹായിക്കാൻ വേണ്ടിയിട്ട് ഡയറക്ടറെ മാറ്റിയെന്ന്. ഇന്നു പറയുന്നതല്ല. അദ്ദേഹത്തെ മാറ്റിയതിന്റെ അന്ന് തൊട്ട് പ്രതിപക്ഷം പറയുകയാണ്. ലോട്ടറി ഡയറക്ടറെ മാറ്റി, ലോട്ടറി ഡയറക്ടറെ മാറ്റി എന്ന് മാർക്സിസ്റ്റ് പാർട്ടിയുടെ നേതൃത്വം നിരന്തരമായിട്ട് പറയുകയാണ്. ഈ ഉദ്യോഗസ്ഥനെ മാറ്റിയതിനെ സംബന്ധിച്ചോ അല്ലെങ്കിൽ ഉദ്യോഗസ്ഥൻമാരുടെ നടപടിയെ സംബന്ധിച്ചോ പറയുന്നത് ശരിയല്ല എന്നു കരുതിയിട്ടാണ് ഞാൻ ഇത്രയും കാലം പറയാതിരുന്നത്. ഒരുദ്യോഗസ്ഥനെ എന്തിന് മാറ്റി എന്ന് പറയുന്നത് ഗവൺമെന്റിനെ സംബന്ധിച്ചും ഒരു മന്ത്രിയെ സംബന്ധിച്ചും ശരിയല്ല എന്നുള്ളതുകൊണ്ട് അഞ്ചു മാസം ഞാനതിനെപ്പറ്റി മിണ്ടിയില്ല. പക്ഷെ ഇപ്പോഴും അതുതന്നെ പറയുന്നു. അദ്ദേഹത്തിന്റെ ഫയലിൽ എഴുതിയിട്ടുള്ള ഏതാനും ഭാഗം ഞാനിവിടെ പറയാം. കൈരളി എന്താണെന്നും, ആരുടേതാണെന്നും നിങ്ങൾക്കറിയാം. അദ്ദേഹം കൈരളിയെപ്പറ്റി ഫയലിൽ എഴുതിയിരിക്കുകയാണ്. Kairali has quoted for telecast through their prime channel where the news bulletins are very popular. The Kairali Channel has the advantage of being in tandem with the target group that the lotteries are also addressed to, mainly, the Lower Middle Class and the working class among the society. Further it is understood that Kairali is having a shareholder base of 2,50,000 ordinary people like headload workers, auto/taxi drivers etc., who are the very target of sales. The credibility of the brand name is an important aspect in which Kairali compares well with any leading TV Channel.

It may be mentioned in this context that Kairali is, perhaps, the only TV Channel in Kerala which was waging a war against the private illegal online lotteries, thus supporting the efforts of the Government to put up a stop to private exploitation.

It is submitted that the quotation of Kairali for ₹ 45 lakhs a year for the required production and telecast of draw of Kerala Government Lotteries be accepted and orders be passed for issuance of the company. .....(ബഹളം).....ഇതാണ് ഒന്നും പറയാതിരുന്നത്. അപ്പോൾ അദ്ദേഹത്തിന്റെ നിലപാടെന്താണെന്ന് മനസ്സിലായല്ലോ; ഞാൻ ഇതൊന്നും പറയാതിരുന്നതാണ് വീണ്ടും ഇതെല്ലാം ആവർത്തിച്ചാരോപിക്കുന്നതുകൊണ്ടാണ് ഞാൻ പറയാൻ നിർബന്ധിതനായത്. അതുകൊണ്ട് ഞാൻ നിർത്തുന്നു. ഗവൺമെന്റിന് കേരള ലോട്ടറി തുടരണമെന്നാണ് ആഗ്രഹം. പക്ഷെ അതേ അവസരത്തിൽ പുറത്തു നിന്നുള്ള പേപ്പർ ലോട്ടറിയായിരുന്നാലും, ഓൺലൈൻ

LIBRARY ARCHIVES Kerala Legislative Assembly

ലോട്ടറിയായിരുന്നാലും ഇവിടുത്തെ ജനങ്ങളെ എക്സ്പ്ലോയിറ്റ് ചെയ്ത് കണക്ക് തരാതെ ചട്ടവിരുദ്ധമായിട്ട് നടത്തുന്നത് അനുവദിക്കാൻ നിവൃത്തിയില്ലാത്തതു കൊണ്ടും, മറ്റ് പോംവഴിയില്ലാത്തതുകൊണ്ടും ദു:ഖത്തോടുകൂടി ഇത് ചെയ്യേണ്ടിവന്നു. ഇനി ഇതിന് എന്ത് പോംവഴി കാണാൻ കഴിയും എന്ന് ഗവൺമെന്റ് ആലോചിക്കും. നിയമോപദേശം തേടിക്കൊണ്ട് കേരള ലോട്ടറി നിലനിർത്താൻ കഴിയുമെങ്കിൽ നിലനിർത്തും. ഏതെങ്കിലും കാരണവശാൽ നിർത്തലാക്കേണ്ടി വന്നാൽ അവരെ വഴിയിൽ തള്ളിവിടില്ല. അന്തസ്സായിട്ട് പുനരധിവസിപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കും എന്നുമാത്രമാണ് എനിക്ക് പറയാനുള്ളത്. ഈ വിഷയം സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട കാര്യമില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ധനകാര്യമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ഈ വിഷയം സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ചെയറിന് അഭിപ്രായമില്ല. അതുകൊണ്ട് അടിയന്തിരപ്രമേയാവതരണത്തിന് അനുമതി നിഷേധിക്കുന്നു.

(അടിയന്തിര പ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷനേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): സർ, ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി ഗവൺമെന്റിനുവേണ്ടി പറഞ്ഞത് പലതും ശുദ്ധ നുണയാണെന്ന് പറയേണ്ടിവന്നതിൽ എനിക്ക് ഖേദമുണ്ട്. ഒന്നാമത് ഈ പ്രശ്നം അദ്ദേഹം ഇവിടെ അവതരിപ്പിച്ചത് വസ്തുതകൾ മറച്ചുവച്ചാണ്. അതുകൊണ്ടാണ് എനിക്ക് അങ്ങനെ പറയേണ്ടിവന്നത്. കേരളത്തിൽ ലോട്ടറി നിരോധിക്കാൻ കാരണമായി അദ്ദേഹം പറഞ്ഞത് കേന്ദ്രഗവൺമെന്റ് നിർദ്ദേശിച്ചുവെന്നോ, ഇൻഡ്യയുടെ ഉന്നത നീതിപീഠമായ സുപ്രീംകോടതി പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ ആണെന്നോ ഒക്കെയല്ലാതെ ആധികാരികമായി അദ്ദേഹത്തിന് പറയാൻ കഴിഞ്ഞില്ല എന്നത് അദ്ദേഹത്തിന്റെ വിശദീകരണം കേൾക്കുന്ന ഏതൊരു ആളിനും അറിയാം. ലോട്ടറി നിരോധിച്ചത് ഉമ്മൻ ചാണ്ടിയുടെ ഗവൺമെന്റാണ്. ലോട്ടറി നിരോധിച്ചതിന്റെ ഫലമായി ടിക്കറ്റ് വിൽപ്പനക്കാരും ഉദ്യോഗസ്ഥൻമാരുമായിട്ടുള്ള മൂന്നര ലക്ഷത്തോളം ആളുകൾ അറും പട്ടിണിയിലാണെന്ന സത്യം മറച്ചു വയ്ക്കാൻവേണ്ടി അദ്ദേഹം ഇവിടെ പഴയ കണക്കുകൾ നിരത്തിവച്ചത് പരിഹാസ്യജനകമാണ്. നിങ്ങൾ ഇത് എന്തിന് നിരോധിച്ചു എന്നുള്ളതിന് ഉത്തരം പറയാൻ കഴിഞ്ഞിട്ടില്ല. എന്തിന് നിരോധിച്ചു എന്നുള്ള സത്യം മനസ്സിലാക്കണമെന്നുണ്ടെങ്കിൽ ഓൺലൈൻ ലോട്ടറിയോടും പേപ്പർ ലോട്ടറിയോടും ഏറെക്കാലമായി യു.ഡി.എഫ്. ഗവൺമെന്റ് എടുത്തുകൊണ്ടിരിക്കുന്ന നാണംകെട്ട സമീപനം പഠിക്കാൻ ആരെങ്കിലും തയ്യാറായാൽ മതി. ഇതിനെ സംബന്ധിച്ച് ഓണസ്റ്റായി വാദിച്ചുകൊണ്ടിരിക്കുന്ന അജിത് പ്രകാശ് എന്ന അഡ്വക്കേറ്റിനെ ആദ്യം പറഞ്ഞയച്ചു. അതിനുശേഷം ദിനം പ്രതി പതിനഞ്ചു ലക്ഷം ആളുകളെ ചതിച്ചുകൊണ്ടിരിക്കുന്ന നിയമവിരുദ്ധമായ ഓൺലൈൻ ലോട്ടറിക്ക്, പേപ്പർ ലോട്ടറിക്കെതിരായി

LIBRARY ARCHIVES Kerala Legislative Assembly

കർശനമായ നടപടിയെടുത്തു കൊണ്ടിരിക്കുന്ന സുരേഷ്കുമാർ എന്നുപറയുന്ന കേരള ലോട്ടറിയുടെ മാനേജിങ് ഡയറക്ടറെ തൽസ്ഥാനത്തുനിന്ന് മാറ്റി. കാരണമെന്ത്? കള്ള ഓൺലൈൻ ലോട്ടറിയുടേയും പേപ്പർ ലോട്ടറിയുടേയും സമ്മർദ്ദത്തെ മാനിച്ചാണ് ഇത് ചെയ്തിട്ടുള്ളത്. ഇപ്പോൾ കള്ളവും വെള്ളിയും പുറത്തായി. കൈരളി ചാനൽ ചെയ്യുന്ന സേവനത്തെപ്പറ്റി ഇപ്പോൾ ധനകാര്യ വകുപ്പുമന്ത്രിതന്നെ പരാമർശിച്ചു. അദ്ദേഹം ചെയ്ത മഹാപരാധം എന്താണെന്ന് മാർക്സിസ്റ്റ് പാർട്ടി വിരുദ്ധൻമാരുടെ മുത്തപ്പനായ അദ്ദേഹം തന്നെ വെളിപ്പെടുത്തി. എന്നാൽ വസ്തുത അതല്ല. വസ്തുത എന്താണെന്നുവച്ചാൽ പതിനഞ്ചു ലക്ഷം ആളുകളെ വഞ്ചിക്കുന്ന ഓൺലൈൻ ലോട്ടറിക്കും, പേപ്പർ ലോട്ടറിക്കും എതിരായി കർശന നടപടിയെടുത്തു എന്നുള്ളതാണ് സുരേഷ്കുമാറിന്റെ പേരിൽ ഈ ഗവൺമെന്റ് കണ്ടുപിടിച്ചിട്ടുള്ള കുറ്റം. അത് മറച്ചു വയ്ക്കുന്നതിനുവേണ്ടി സുരേഷ്കുമാറിനെതിരെ കൈരളി ചാനലുമായി ഉദാഹരിച്ചത് പഴമുറം കൊണ്ട് അത് തടയാൻ വേണ്ടിയാണെന്ന് നമുക്ക് വ്യക്തമാകുകയും ചെയ്തു. പ്രശ്നം ഞാൻ പറയാം. ഓൺലൈൻ ലോട്ടറിയും പേപ്പർ ലോട്ടറിയും നിരോധിക്കുന്നതിനെടുത്ത നടപടി സിൻസിയറായിരുന്നെങ്കിൽ അത് ഈ അസംബ്ലിക്കുമുൻപിൽ കൊണ്ടുവന്ന് ഒരു നിയമമായിട്ട് പാസാക്കി ഇതിനെ സംബന്ധിച്ചുള്ള കേരളത്തിന്റെ അസന്നിഗ്ദ്ധമായ നിലപാട് പ്രസിഡന്റിനെ അറിയിച്ച് അംഗീകാരം വാങ്ങിയിരുന്നെങ്കിൽ സുപ്രീംകോടതിക്കോ മറ്റൊരു കോടതിക്കോ ഒരു വിധിയും കൊണ്ടുവന്ന് ഇത് തടയാൻ കഴിയുമായിരുന്നില്ല. ഞാൻ ഈ കാര്യം ആവർത്തിച്ച് ഈ ഗവൺമെന്റിനെ അറിയിച്ചതാണ്. നമ്മുടെ നിലപാട് പരിരക്ഷിക്കാനുള്ള ഏകപോംവഴി നിയമം കൊണ്ടുവരികയെന്നുള്ളതാണ്. അങ്ങനെ ഒരു നിയമം ഇല്ലാതിരിക്കുന്നിടത്തോളം കാലം വിരട്ടാൻ വേണ്ടിയിട്ട് സുപ്രീംകോടതിക്ക് പല ഭീഷണികളും എടുക്കാൻ കഴിയും. ഇപ്പോൾത്തന്നെ സുപ്രീംകോടതി ഇതു സംബന്ധിച്ചെടുത്തിട്ടുള്ള നിലപാട് സത്യസന്ധമായി നമ്മുടെ ധനകാര്യവകുപ്പുമന്ത്രി പറഞ്ഞില്ല. അദ്ദേഹം പറഞ്ഞു, എന്റെ കേസ് അവിടെ ഉണ്ട്, അതിൽ ഓൺലൈൻ ലോട്ടറിയെക്കുറിച്ച് ഒരു വാചകവും പറഞ്ഞില്ലെന്ന്. ഓൺലൈൻ ലോട്ടറിയെ കുറിച്ചും പേപ്പർ ലോട്ടറിയെക്കുറിച്ചുമാണ് ഞാൻ കൊടുത്തിട്ടുള്ള പരാതി. ഗവൺമെന്റിന്റെ ആളുകൾ പറയുന്നത്, മുഴുവൻ സീനിയർ അഭിഭാഷകരേയും ഓൺലൈൻ ലോട്ടറിക്കാർ വിലയ്ക്കെടുത്തതുകൊണ്ട് ഞങ്ങൾ അവിടെച്ചെന്ന് പരതിയിട്ട് ആരേയും കിട്ടുന്നില്ലെന്നാണ്. പിന്നെ എനിയ്ക്കെങ്ങനെ ഒരു സീനിയർ അഭിഭാഷകനെ കിട്ടി. നിങ്ങൾ അതിന് ശ്രമിച്ചില്ല. നിങ്ങൾ ഓൺലൈൻ ലോട്ടറിക്കാരേയും, പേപ്പർ ലോട്ടറിക്കാരേയും കാണുമ്പോൾ കുമ്പിട്ട് നിൽക്കുന്നത് വിധേയത്വമുള്ളതുകൊണ്ടാണ് അല്ലാതെ ഡെൽഹിയിൽ സീനിയർ അഭിഭാഷകനെ നിയോഗിക്കാൻ കഴിയാത്തതു കൊണ്ടാണോ? സീനിയർ അഭിഭാഷകനെ നിയോഗിച്ച് ഓൺലൈൻ ലോട്ടറിക്കാരായ കള്ളച്ചൂതുകാരെ നേരിടുന്നതിന് യാതൊന്നും, ചെയ്തിട്ടില്ലെന്ന് മാത്രമല്ല അതിന് കൂട്ടു നിൽക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

സർ, സുപ്രീംകോടതി തന്നെ നിങ്ങളെ വിരട്ടി. സുപ്രീംകോടതി ഒരു വിധിയും പറയാതെ നിങ്ങളെക്കൊണ്ടു തന്നെ അവർക്കെതിരായുള്ള കേസുകൾ പിൻവലിച്ചോളാം,അവരുടെ യന്ത്രങ്ങൾ എല്ലാം തിരിച്ചു കൊടുത്തോളാം, അങ്ങനെയെല്ലാം ചെയ്യാം എന്നുള്ള രീതിയിൽ വന്നു. ചീഫ്സെക്രട്ടറിയെ സുപ്രീംകോടതി വിരട്ടിയപ്പോൾ സമസ്താപരാധങ്ങളും പറഞ്ഞു എന്നു മാത്രമല്ല, യാതൊരു നടപടിയും എടുക്കുന്നില്ലാ എന്ന അണ്ടർടേക്ക് അവിടെ കൊടുക്കാൻ ചീഫ്സെക്രട്ടറി നിർബന്ധിത നായത് മുഖ്യമന്ത്രിയും ധനകാര്യവകുപ്പു മന്ത്രിയും അറിയാതെയാണോ? ആ നിലയിൽ കേരളാ ഗവൺമെന്റും കൂടി അറിഞ്ഞുകൊണ്ടാണ് സുപ്രീംകോടതി ഈ തരത്തിൽ നമ്മുടെ ഗവൺമെന്റിനെ കൊണ്ട് പറയിപ്പിച്ചിരിക്കുന്നത്. ഇതുവരെ ഒരു വിധിയും സുപ്രീംകോടതി പറഞ്ഞിട്ടില്ല. എന്റെ കേസും എന്റെ പരാതിയും കൂടി കിട്ടിയതിനുശേഷം മാത്രമേ സുപ്രീംകോടതിക്ക് അതു സംബന്ധിച്ച് ഒരു വിധി പ്രസ്താവിക്കാൻ കഴിയൂ. അതുകൊണ്ട് ഈ കാര്യത്തിൽ ഈ കാലമത്രയും നടത്തിക്കൊണ്ടിരുന്ന കള്ളക്കളി നിർത്തണം. ഈ സംസ്ഥാന ഗവൺമെന്റിന് പതിനായിരക്കണക്കിന് കോടി രൂപയാണ് നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നത്. ഈ കള്ളച്ചൂതാട്ടക്കാരിൽ നിന്ന് പിരിക്കേണ്ട നികുതി പിരിക്കുന്നില്ല. അതുസംബന്ധിച്ച് ഞാൻ പ്രതിപക്ഷ നേതാക്കന്മാരുടെ യോഗത്തിൽ, ഒരു വസ്തുത ധനകാര്യ വകുപ്പുമന്ത്രിയേയും മുഖ്യമന്ത്രിയേയും അറിയിച്ചു. എന്താണത്? ഒരു സുപ്രീംകോടതി വിധി ഉണ്ടായിട്ടുണ്ട് എന്നു പറഞ്ഞു. ഗവൺമെന്റിന്റെ, സ്റ്റേറ്റ് നിലവാരത്തിലുള്ള ഒരു ഉദ്യോഗസ്ഥൻ ഈ ഓൺലൈൻ ലോട്ടറിക്കാരുടെ, അയ്യായിരം കോടി രൂപ സംസ്ഥാന ഗവൺമെന്റിന് നൽകാനുണ്ടായിരുന്ന നികുതി സുപ്രീംകോടതിയുടെ ഒരു വിധി കള്ളത്തരത്തിൽ ഉദ്ധരിച്ചിട്ട് അതിനിമേൽ അടയ്ക്കേണ്ടതില്ല എന്ന് ഉദ്യോഗസ്ഥൻ അവർക്ക് ഉത്തരവ് നൽകി. ഞാൻ ഈ കാര്യം മുഖ്യമന്ത്രിയോടും ധനകാര്യമന്ത്രിയോടും പറഞ്ഞു. ആ ഉദ്യോഗസ്ഥനോട്, ഞാനായിരുന്നുവെങ്കിൽ കോടതിയുടെ ഉത്തരവിന്റെ കോപ്പി എന്റെ മുമ്പിൽ ഹാജരാക്കൂ എന്നു പറഞ്ഞിട്ട് അയാളെക്കൊണ്ട് സത്യം തെളിയിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കു മായിരുന്നു. നിങ്ങൾക്ക് അതു ചെയ്യാൻ കഴിയുമോ എന്നു ഞാൻ ചോദിച്ചു. ചെയ്യാമെന്നു പറഞ്ഞു എന്നു മാത്രമല്ല, അതിന്റെ കോപ്പി വി.എസ്സ്-ന് തരാമെന്നും പറഞ്ഞു. മാസം രണ്ടായി. ഒരു കോപ്പിയും കിട്ടിയിട്ടില്ല. കാരണം എന്താണ്? അത് വസ്തുതയല്ല എന്നുള്ളതാണ്. തെറ്റായി വിധി ഉദ്ധരിച്ചുകൊണ്ട് കോടിക്കണക്കിന് രൂപ നഷ്ടപ്പെ ടുത്തിയ ആ ഉദ്യോഗസ്ഥനെ സർവ്വീസിൽ നിന്ന് പിരിച്ചുവിട്ട് നഷ്ടപ്പെട്ട കോടിക്കണക്കിന് രൂപ അയാളിൽ നിന്ന് ഈടാക്കാനുള്ള നടപടി സ്വീകരിക്കുകയാണ് ആണത്തമുള്ള ഒരു ഗവൺമെന്റ് ചെയ്യേണ്ടത്. അതു ചെയ്തിട്ടില്ല. ഈ നിലയിൽ ഓൺലൈൻ ലോട്ടറിക്കാരും പേപ്പർ ലോട്ടറിക്കാരുമായിട്ട് ഈ ഗവൺമെന്റ് നടത്തുന്ന ഒത്തുകളിയുടെ പരിണതഫലമാണ് ഇപ്പോൾ സർക്കാരിന്റെ ലോട്ടറി നിരോധിക്കാൻ ഇടയായതിന് കാരണം. അവർ സംസ്ഥാനത്താകെ ടിക്കറ്റ് വിൽപ്പന നടത്തിക്കൊണ്ടിരിക്കുകയാണ്. ഇത്രയേറെ സൗകര്യങ്ങൾ ഈ കള്ളന്മാർക്ക് ഇവരല്ലാതെ മറ്റാരാണ് ചെയ്തു കൊടുത്തുകൊണ്ടിരിക്കുന്നത് എന്നു ഞാൻ ചോദിക്കുകയാണ്. നിങ്ങൾ സംസ്ഥാന

LIBRARY ARCHIVES Kerala Legislative Assembly

ലോട്ടറി നിരോധിച്ചതിന്റെ ഫലമായിട്ടാണ് ശശികുമാറിനെപ്പോലെയുള്ള, ലോട്ടറി വിറ്റ് ജീവിതം കഴിക്കുന്ന, പാവപ്പെട്ട ആളുകൾ മരണത്തിലേയ്ക്ക് എടുത്തു ചാടിയത്. ഞാൻ ഇന്നലെ ശശികുമാറിന്റെ വീട് സന്ദർശിച്ചു. അദ്ദേഹത്തിന്റെ ഭാര്യയെ, അങ്ങേയറ്റം വേദനയോടെ കുട്ടികളുമായി കഴിയുന്ന ആ സ്ത്രീയെ ഞാൻ കാണുകയുണ്ടായി. അവർ എന്നോട് പറഞ്ഞു, അവരുടെ ഭർത്താവ് അവരോട് ചോദിച്ചു ഇനി നാം എങ്ങനെ കഴിയും? ഈ കുട്ടികളെ പഠിപ്പിക്കാനുള്ള വഴി എന്താണ്? ഇനി നമ്മുടെ ജീവിതം എങ്ങനെയാണ് മുന്നോട്ടു പോകുക? ഇങ്ങനെ സംസാരിച്ചിരിക്കുകയും വീട്ടിനകത്തേയക്ക് കയറിപ്പോകുകയും ചെയ്തു. പിന്നീട് ട്രെയിനിനു മുന്നിൽ തല വച്ച് മരിച്ചതായിട്ടാണ് കാണുന്നത്. ശരാശരി എന്തു വരുമാനം കിട്ടുമായിരുന്നുവെന്ന് ഞാൻ ചോദിച്ചു? അഞ്ചെട്ട് കൊല്ലമായി അദ്ദേഹം ടിക്കറ്റ് വിൽപ്പന തുടങ്ങിയിട്ട്. അഞ്ചു കൊല്ലമായിട്ട് സ്ഥിരമായിട്ട് ടിക്കറ്റ് വിൽപ്പന നടത്തുകയാണ്. ശരാശരി നാലായിരത്തോളം രൂപ കിട്ടും. അതു കൊണ്ടാണ് കുടുംബം പോറ്റിപ്പോകുന്നതെന്നാണ് അവർ പറഞ്ഞത്. ശശികുമാറിന്റെ മരണത്തിനുത്തരവാദി ഈ ഗവൺമെന്റല്ലേ? മി. ഉമ്മൻചാണ്ടിയുടേയും ധനകാര്യവകുപ്പുമന്ത്രി ശ്രീ. വക്കം പുരുഷോത്തമന്റേയും ഗവൺമെന്റല്ലേ ആ മരണത്തിന് കാരണം? ബഹുമാനപ്പെട്ട എ. കെ. ബാലൻ ഇവിടെ ആത്മഹത്യയിലേയ്ക്ക് നീങ്ങിയ, വിഷം കഴിച്ചും മറ്റും പല തരത്തിൽ ക്ലേശിച്ച് മരണത്തിലേയ്ക്ക്പോയ ആളുകളുടെ കാര്യം പറഞ്ഞു. ഈ ഗവൺമെന്റിന്റെ നയസമീപനത്തിന്റെ പരിണതഫലമായിട്ട് സംഭവിച്ചതല്ലേ? അവർക്ക് എന്ത് നഷ്ടപരിഹാരം കൊടുത്തു? ആയിരത്തിൽപ്പരം കൃഷിക്കാർ ആത്മഹത്യ ചെയ്ത കേരളത്തിൽ അവരുടെ കുടുംബത്തിനുപോലും കേന്ദ്രഗവൺമെന്റിന്റെ സഹായം ലഭിച്ചിട്ടും അർഹമായ സഹായം, ചെയ്യാത്ത കൂട്ടരാണ് പറയുന്നത്, പുതുതായി മൂന്നര ലക്ഷത്തോളം ആളുകളെ പട്ടിണിയിലേയ്ക്ക് തള്ളിയശേഷം സഹായിക്കും, സഹായിക്കും എന്ന്. ആരെ കബളിപ്പിക്കാനാണ് ഇങ്ങനെ പറയുന്നത്? ശശികുമാറിന്റെ കുടുംബത്തിന് കുറഞ്ഞത് അഞ്ചു ലക്ഷം രൂപയെങ്കിലും നഷ്ടപരിഹാരം കൊടുക്കുമോ? അതുപോലെ ആത്മഹത്യ ചെയ്ത ആളുകളുടെ കുടുംബങ്ങൾക്ക് നിങ്ങൾ എന്തു നഷ്ടപരിഹാരം കൊടുക്കും? ശശികുമാറിന്റെ മൂത്ത കുട്ടിക്ക് ഈ ഗവൺമെന്റിൽ ഒരു തൊഴിൽ നൽകുമോ? നൽകാനുള്ള നടപടി എടുക്കേണ്ടതല്ലേ? അതുപോലെ നിങ്ങൾ തുലച്ച, നിങ്ങൾ പട്ടിണിയിലേയ്ക്ക്, ആത്മഹത്യയിലേയ്ക്ക് തള്ളിയ ആളുകളുടെ കുടുംബത്തെ രക്ഷിക്കാനുള്ള ബാധ്യത നിങ്ങൾ നിറവേറ്റേണ്ടതായിട്ടുണ്ട്. അതുപോലെ കള്ളച്ചുതുകാർക്കെതിരായി ഈ സഭ പിരിയുന്നതിനു മുമ്പു തന്നെ ഒരു നിയമം കൊണ്ടുവന്നു പാസ്സാക്കാൻ, ഒരു കോടതിയും കേരളാ ഗവൺമെന്റിന്റെ നടപടികളെ ചോദ്യം ചെയ്യാൻ അവസരം കൊടുക്കാത്ത വിധത്തിൽ ഒരു നിയമം കൊണ്ടുവന്ന് പാസ്സാക്കാൻ തയ്യാറാകണം. എനിക്കു തോന്നുന്നത് അപ്പുറത്തിരിക്കുന്ന ബഹുമാനപ്പെട്ട മെമ്പർമാർക്കും ആ കാര്യത്തിൽ എതിരുണ്ടാകുകയില്ല

LIBRARY ARCHIVES Kerala Legislative Assembly

എന്നാണ്. അതുകൊണ്ട് ഒരു ദിവസം കൊണ്ട് ഏകകണ്ഠമായി പാസ്സാക്കിയെടുക്കാൻ കഴിയുന്ന ഒരു നിയമം കൊണ്ടുവരാൻ നിങ്ങൾ തയ്യാറുണ്ടോ? നഷ്ടപരിഹാരം നൽകാൻ തയ്യാറുണ്ടോ? ലോട്ടറി നിരോധനംകൊണ്ട് ബുദ്ധിമുട്ടുന്ന കുടുംബങ്ങളിലെ അർഹതപ്പെട്ടവർക്ക് തൊഴിൽ കൊടുക്കാൻ തയ്യാറുണ്ടോ? ഈ കാര്യങ്ങളിലെല്ലാം തന്നെ ഇനിയും ഒളിച്ചുകളി തുടരരുത്. നിങ്ങളുടെ 100 ദിവസത്തെ പരിപാടി ഏറ്റവും അവജ്ഞയോടുകൂടി കാണേണ്ട ഒരു പരിപാടിയാണ്. മുൻ ഗവൺമെന്റിന്റെ തുടർച്ച തന്നെയാണ് ഞാനും ചെയ്യുന്നതെന്നാണല്ലോ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞിട്ടുള്ളത്. ആ തുടർച്ചയിൽ അബദ്ധജടിലമായ ഒന്നാണ് ലോട്ടറിയോടുള്ള സമീപനം, വിശേഷിച്ച് ഓൺലൈൻ ലോട്ടറി, പേപ്പർ ലോട്ടറി എന്നിവയോട്. അതിനെ അടിച്ച് പുറത്താക്കി നമ്മുടെ സംസ്ഥാന ലോട്ടറിയെ ആധുനിക സംവിധാനത്തോടുകൂടി പരിരക്ഷിച്ചിരുന്നുവെങ്കിൽ ഇന്ന് ലഭിച്ചുകൊണ്ടിരിക്കുന്ന 140 കോടി.....

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി): സർ, അങ്ങയുടെ പ്രസംഗം അവസാനിപ്പിക്കുന്നതിനു മുമ്പ് ഒന്നു പറയുകയാണ്. ഈ കാര്യത്തിൽ ഇവിടെ വലിയ അഭിപ്രായവ്യത്യാസങ്ങൾ ഇല്ല. ഓൺലൈൻ ലോട്ടറി ഒരു സാഹചര്യത്തിലും കേരളത്തിൽ നടത്താൻ അനുവദിക്കുകയില്ല. അതുപോലെ ഏതെങ്കിലും വിധത്തിൽ സംസ്ഥാന ഭാഗ്യക്കുറി നടത്താൻ നിയമപരമായി സംസ്ഥാന സർക്കാരിന് സാധിക്കുമെങ്കിൽ അത് നടത്തിയിരിക്കും. അതിന് പ്രതിപക്ഷവുമായിട്ട് ചർച്ച ചെയ്യാൻ ഗവൺമെന്റ് തയ്യാറാണ്. നാളെത്തന്നെ നമുക്ക് ആ കാര്യം ചർച്ച ചെയ്യാം. നിയമം കൊണ്ടുവരുന്നതുൾപ്പെടെ, പ്രതിപക്ഷത്തു നിന്ന് പറയുന്ന നിയമപരമായ, പ്രായോഗികമായ നിർദ്ദേശങ്ങൾ കേൾക്കാൻ ഗവൺമെന്റ് തയ്യാറാണ്. ഗവൺമെന്റിന് ഒരു കാര്യത്തിൽ മാത്രമേ നിർബന്ധമുള്ളൂ. ഓൺലൈൻ ലോട്ടറി ഏതു സാഹചര്യത്തിലും നടത്താൻ അനുവദിക്കുകയില്ല. അതിനോട് പ്രതിപക്ഷനേതാവും നിങ്ങളെല്ലാവരും യോജിക്കുമെന്ന് അറിയാം. ഓൺലൈൻ ലോട്ടറി നാടിനെ സംബന്ധിച്ചിടത്തോളം വലിയൊരു സാമൂഹ്യ പ്രശ്നമാണ്. ഇതൊരു ഹൈടെക്ക് ചൂതാട്ടമാണ്. അത് ഒരു കാരണവശാലും തുടരാൻ സാധിക്കുകയില്ല. 24-ാം തീയതിയിലെ സുപ്രീംകോടതി വിധിയുടെ അടിസ്ഥാനത്തിൽ 25-ാം തീയതി സംസ്ഥാന ഗവൺമെന്റിന്റെ മുമ്പിൽ രണ്ടു പോംവഴിയേ ഉണ്ടായിരുന്നുള്ളൂ. ഒന്നുകിൽ ഓൺലൈൻ ലോട്ടറിയടക്കം എല്ലാവർക്കും വേണ്ടി വാതിലുകൾ തുറന്നിടുക, അല്ലെങ്കിൽ എല്ലാ ലോട്ടറിയും നിരോധിക്കുക. രാഷ്ട്രീയം നിങ്ങൾ എന്തുവേണമെങ്കിലും പറഞ്ഞുകൊള്ളൂ. ഗവൺമെന്റിന് നിയമപരമായിട്ടുമാത്രമേ പ്രവർത്തിക്കാൻ സാധിക്കുകയുള്ളൂ. 25-ാം തീയതി രാവിലെ ഗവൺമെന്റിന്റെ മുമ്പിൽ ഈ രണ്ടു പോംവഴി മാത്രമേ ഉണ്ടായിരുന്നുള്ളൂ. അതുകൊണ്ട് ഓൺലൈൻ ലോട്ടറിക്ക് ഇനി കേരളത്തിന്റെ വാതിലുകൾ തുറന്നിട്ടുകൊടുക്കില്ല എന്ന ഉറച്ച തീരുമാനമാണുണ്ടായിരുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ആ തീരുമാനംമൂലം സംസ്ഥാന ഭാഗ്യക്കുറിയും നിരോധിക്കേണ്ടി വന്നു. അതിന്റെ സാമൂഹ്യ പ്രശ്നങ്ങളും അതുണ്ടാക്കിയിരിക്കുന്ന പ്രശ്നങ്ങളും ഇവിടെ പറഞ്ഞതൊക്കെ ഞങ്ങൾ ഉൾക്കൊള്ളുന്നു. മറ്റൊരു തൊഴിലുമെടുത്ത് ജീവിക്കാൻ പറ്റാത്ത വളരെയേറെ ആളുകൾ ലോട്ടറി വിറ്റ് ജീവിക്കുന്നവരായുണ്ടെന്നുള്ളത് എനിക്കറിയാം. അവരുടെ പ്രശ്നം ഗവൺമെന്റ് അറിയാഞ്ഞിട്ടല്ല. അവരെ ഉപേക്ഷിക്കുന്ന പ്രശ്നവുമില്ല. പക്ഷേ അന്ന് ഗവൺമെന്റിനുമുമ്പിൽ ഇതുമാത്രമേ ഒരു പോംവഴിയുണ്ടായിരുന്നുള്ളൂ, അത് ചെയ്തു. ഓൺ ലൈൻ ലോട്ടറി ഒരു കാരണവശാലും അനുവദിക്കില്ല. അതേസമയം സംസ്ഥാന ഭാഗ്യക്കുറി നടത്തിക്കൊണ്ട് പോകുന്നതിനുള്ള മാർഗ്ഗങ്ങൾ ഞാൻ അന്നുതന്നെ പറഞ്ഞു, നിയമം അനുവദിക്കുമെങ്കിൽ സംസ്ഥാന ഭാഗ്യക്കുറിയുമായി മുമ്പോട്ടുപോകും. ഇപ്പോൾ നിയമപരമായ അഭിപ്രായങ്ങൾ തേടിയിട്ടുണ്ട്. അതിന് ഏതെല്ലാം മാർഗ്ഗങ്ങൾ നമുക്ക് ഉപയോഗിക്കാം, സംസ്ഥാന ഗവൺമെന്റിന് നിയമം കൊണ്ടുവരാനുള്ള അധികാരമുണ്ടോ, സംസ്ഥാന ലോട്ടറി അനുവദിക്കുകയും മറ്റു ലോട്ടറികൾ നിരോധിക്കുകയും ചെയ്യുന്നതിന് കേന്ദ്ര ഗവൺമെന്റിന് സാധിക്കുമോ, കേന്ദ്ര ഗവൺമെന്റിന് സാധിക്കുമെങ്കിൽ നമുക്കെല്ലാവർക്കുംകൂടി ഒന്നിച്ച് കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്താം. ഇതുരണ്ടുമല്ലെങ്കിൽ എങ്ങനെ കേരള ലോട്ടറി നടത്തുകയും മറ്റുള്ളത് നടത്താതിരിക്കുകയും ചെയ്യാം എന്നതിനെക്കുറിച്ച് ഗവൺമെന്റ് പ്രായോഗികമായ എല്ലാ വശങ്ങളും പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. നാളെത്തന്നെ പ്രതിപക്ഷനേതാവ് അടക്കം എല്ലാ കക്ഷി നേതാക്കന്മാരെയും വിളിച്ച് ഗവൺമെന്റ് ഇക്കാര്യം ചർച്ച ചെയ്യുന്നതാണ്. നിങ്ങളുടെ നിർദ്ദേശം ഗവൺമെന്റ് പരിഗണിക്കും. ഗവൺമെന്റിന് ഈ കാര്യത്തിൽ വ്യക്തമായ ഒരു കാഴ്ചപ്പാടുണ്ട്. അതുകൊണ്ടാണ് 25-ാം തീയതി അല്പം കടുത്ത തീരുമാനമാണെന്നറിഞ്ഞുകൊണ്ടുതന്നെ ഈ തീരുമാനം എടുത്തത്. എന്തുവില കൊടുത്തും ഓൺ ലൈൻ ലോട്ടറി ഇനി കേരളത്തിൽ അനുവദിക്കുകയില്ല. അതേസമയം സംസ്ഥാന ഭാഗ്യക്കുറി നടത്തിക്കൊണ്ടു പോകുന്നതിന് പ്രായോഗികമായിട്ടുള്ള ഏതു നിർദ്ദേശവും അംഗീകരിക്കും. ഈ കാര്യം നാളെ ചർച്ച ചെയ്യാം, വളരെ വേഗത്തിൽ ഇതുസംബന്ധിച്ച് ഒരു തീരുമാനമുണ്ടാക്കാം. രാഷ്ട്രീയമായി ഗവൺമെന്റിനെ നിങ്ങൾക്ക് കുറ്റപ്പെടുത്താം, അത് പ്രതിപക്ഷത്തിന്റെ ചുമതലയാണല്ലോ. കേസ് ഒത്തുകളിച്ചുവെന്നും പറയാം. പക്ഷേ ഇന്ത്യയിലെ ഏറ്റവും പ്രധാനപ്പെട്ട, അങ്ങ് ഇവിടെ പറഞ്ഞ അഡ്വക്കേറ്റടക്കം 4 ഉന്നത അഡ്വക്കേറ്റുമാരെയാണ് സുപ്രീംകോടതിയിൽ സംസ്ഥാന ഗവൺമെന്റിനു വേണ്ടി കേസിൽ ചുമതലപ്പെടുത്തിയത്. പക്ഷേ വിധി ഇതായിപ്പോയി. കോടതിവിധി മാനിക്കാതിരിക്കാൻ പറ്റുമോ? സുപ്രീംകോടതി വിധി അംഗീകരിക്കാതിരിക്കാൻ പറ്റുമോ? സുപ്രീംകോടതി വിധി അംഗീകരിച്ചുകൊണ്ട്, മാനിച്ചുകൊണ്ട്, അതേസമയം ഓൺ ലൈൻ ലോട്ടറി അനുവദിക്കാൻ സാധ്യമല്ല, സംസ്ഥാന ഭാഗ്യക്കുറി നടത്തുന്നതിനുള്ള പ്രായോഗികവും, നിയമപരവുമായ വശങ്ങൾ പരിശോധിച്ച് ഈ ബുദ്ധിമുട്ട് പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കും.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. എസ്. അച്ചുതാനന്ദൻ: സർ, ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞതിൽനിന്നും വ്യത്യസ്തമായി മുഖ്യമന്ത്രി വസ്തുതകൾ വസ്തുതകളായി പറയുമെന്നാണ് ഞാൻ കരുതിയത്. കേരള ലോട്ടറി നിരോധിക്കാൻ ആരാണ് പറഞ്ഞത്? ആരുടെ നിർദ്ദേശമനുസരിച്ചാണ് ഈ നിസ്സഹായത വന്നത്?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി): ആരും പറഞ്ഞില്ല.

ശ്രീ. വി. എസ്. അച്ചുതാനന്ദൻ: അപ്പോൾ ആരും പറയാതെയാണ് കേരള ലോട്ടറി നിരോധിച്ചത്. ഞാൻ പറയുന്നു ഓൺ ലൈൻ ലോട്ടറി, പേപ്പർ ലോട്ടറി ഇതിനോടെല്ലാമുള്ള രോഷം ഇങ്ങനെ തിളച്ചുനിൽക്കുമ്പോൾ അവർക്കു വേണ്ടിയല്ലേ ഈ കേരളാ ലോട്ടറി നിരോധിച്ചുകൊടുത്തത്? ഇന്ന് ഓൺലൈൻ ലോട്ടറി സർവ്വതന്ത്ര സ്വതന്ത്രമായി ടിക്കറ്റ് വിൽക്കുകയും ടിക്കറ്റെടുക്കുകയും ചെയ്തുകൊണ്ടിരിക്കുകയല്ലേ?.....(ബഹളം).....സംസ്ഥാനത്തെ എല്ലാ സ്ഥലങ്ങളിലും വിൽക്കുന്നു. അതിന് ഉപോൽബലകമായി കേരള ഗവൺമെന്റിന്റെ ചീഫ്സെക്രട്ടറി സുപ്രീംകോടതിയിൽ പറഞ്ഞിട്ടുള്ളതെന്താണ്? മാപ്പു പറയുന്നതിന് തുല്യമായിട്ടുള്ള നിലയിൽ സുപ്രീംകോടതിയിൽ കേരള ചീഫ് സെക്രട്ടറി പറഞ്ഞത് എല്ലാ നടപടികളും ഇതാ പിൻവലിക്കുന്നു, അവിടെനിന്നും പിടിച്ച യന്ത്രങ്ങളും ടിക്കറ്റുകളുമെല്ലാം ഇതാ തിരിച്ചുകൊടുക്കുന്നു എന്നാണ്. ഈ തരത്തിൽ സുപ്രീംകോടതിയിൽ അവർ പറഞ്ഞതുകൊണ്ട് പ്രത്യേകമായ വിധി വേണ്ടാതെവന്നു. സമസ്താപരാധം പറയുന്നതുപോലെ പറഞ്ഞുകഴിഞ്ഞാൽ അവർക്ക് ഒരു വിധിയുടെ ആവശ്യമെന്താണ്? സുപ്രീംകോടതി ഇതുസംബന്ധിച്ച് യാതൊരു വിധിയും പ്രസ്താവിച്ചിട്ടില്ല. കേരള ഗവൺമെന്റിനെക്കൊണ്ട് ഈ കാര്യങ്ങളെല്ലാം തന്നെ കോടതിയിൽ പറയിപ്പിച്ചിരിക്കുകയാണ്. അതുകൊണ്ട് സുപ്രീംകോടതിയുടെ ഇതുസംബന്ധിച്ചുള്ള നിർദ്ദേശമായാലും ശരി ഭീഷണിയായാലും ശരി അതിൽ നിന്നും രക്ഷപ്പെടാനുള്ള ഏകമാർഗ്ഗം ഞാൻ നേരത്തേതന്നെ സൂചിപ്പിച്ചിരുന്നു ഈ ഗവൺമെന്റ് കേട്ടില്ല. നമ്മുടെ താൽപര്യം പരിരക്ഷിക്കാനുള്ള ഏക മാർഗ്ഗം ഒരു ലെജിസ്ലേഷനാണ്. സംസ്ഥാന ലോട്ടറിയെ പരിരക്ഷിച്ചുകൊണ്ട് നിയമവിരുദ്ധ കള്ളലോട്ടറികളെല്ലാംതന്നെ നിരോധിക്കാനുള്ള അവകാശം ഈ ഗവൺമെന്റിന് നൽകുന്ന ഒരു നിയമം കൊണ്ടുവരണമെന്ന് ഞാൻ ആവർത്തിച്ചു പറഞ്ഞു. അതുസംബന്ധിച്ച് പ്രതിപക്ഷവുമായി ആലോചിക്കാമെന്നുള്ളതല്ലാതെ ഞങ്ങൾ കൊണ്ടുവരാമെന്ന് സുദൃഢമായി പറയാൻ ഇപ്പോഴും മുഖ്യമന്ത്രി തയ്യാറായിട്ടില്ല. കള്ളച്ചൂതുകാരായിട്ടുള്ള ആളുകളെ ഭംഗ്യന്തരേണ ന്യായീകരിക്കുന്ന ഒരു സമീപനമാണ് അവരെ നിരോധിക്കുമെന്ന് പറഞ്ഞുകൊണ്ട് ആളുകളുടെ കണ്ണിൽ പൊടിയിടാൻവേണ്ടി നടത്തിയിരിക്കുന്ന ഈ മറുപടി അതിൽ ഞങ്ങൾ തൃപ്തരല്ല. ഈ നടപടിയോടുള്ള അങ്ങേയറ്റത്തെ പ്രതിഷേധം പ്രകടിപ്പിക്കുന്നതിനുവേണ്ടി ഞങ്ങൾ ഈ സഭയിൽ നിന്നും വാക്കൗട്ട് ചെയ്യുകയാണ്.

(ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷനേതാവും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭയിൽ നിന്നും ഇറങ്ങിപ്പോയി.)

ശ്രീ. കെ. പി. രാജേന്ദ്രൻ: സർ, കണ്ണിൽച്ചോരയില്ലാത്ത വിധത്തിൽ, നമ്മുടെ സഹാനുഭൂതിയും സഹായവും കിട്ടേണ്ട പാവപ്പെട്ടവരോട് കാണിച്ച വലിയ അനീതിയും ക്രൂരതയുമാണ് ലോട്ടറി നിരോധനം. ഇതിനെതുടർന്ന് ആത്മഹത്യയിലേയ്ക്ക് നയിച്ച സംഭവങ്ങൾ ശ്രീ. എ.കെ. ബാലനും ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവും ഇപ്പോൾ ഇവിടെ വളരെ വിശദമായി പറഞ്ഞതാണ്. അതുകൊണ്ട് ഞാനത് വിശദീകരിക്കുന്നില്ല. സഭയിൽ ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി നടത്തിയ പ്രസ്താവനയിൽ തെറ്റിദ്ധാരണയുണ്ടാക്കുന്ന കാര്യങ്ങളാണ് പറഞ്ഞിട്ടുള്ളത്. അത് ഞാനിവിടെ സൂചിപ്പിക്കുകയാണ്. അതുമാത്രമല്ല, സഭയിൽ അങ്ങയുടെ മുൻഗാമിയായ ശ്രീ. എ. കെ. ആന്റണി മുഖ്യമന്ത്രിയും ശ്രീ. കെ. ശങ്കരനാരായണൻ ധനകാര്യവകുപ്പുമന്ത്രിയുമായിരുന്നപ്പോൾ 18-6-2003-ലെ നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നമ്പർ 345 ലോട്ടറിയിൽ നിന്നുള്ള വരവും ചെലവും എന്ന തലക്കെട്ടിലുള്ള ശ്രീ. എ. കെ. ബാലന്റെ ചോദ്യത്തിന് മുൻ ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. ശങ്കരനാരായണൻ, പറഞ്ഞിരിക്കുന്ന മറുപടിക്കു വിരുദ്ധമാണ് ഇപ്പോൾ ഗവൺമെന്റ് പറയുന്നത്. മുൻ ധനകാര്യ വകുപ്പുമന്ത്രി സഭയിൽ പറഞ്ഞത് തെറ്റാണെന്ന് അങ്ങിവിടെ പ്രസ്താവിച്ചിരിക്കുകയാണ്. 2000-2001-ൽ 26.79 കോടി രൂപയുടെ വരുമാനം എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്തുണ്ടായിരുന്നതാണ്. നിങ്ങൾ ഇപ്പോൾ ഓൺലൈൻ പേപ്പർ ലോട്ടറികളെ സഹായിച്ച് സഹായിച്ച് സംസ്ഥാന ഗവൺമെന്റിന് ലോട്ടറിയുടെ വരുമാനം 15 കോടി രൂപയിൽ എത്തിച്ചിരിക്കുകയാണ്. മാത്രമല്ല, ലോട്ടറി മേഖലയുമായി ബന്ധപ്പെട്ട് മൂന്നരലക്ഷം ആളുകൾ ഉണ്ടായെന്ന് ചോദിച്ചു; അത് തെറ്റായ കണക്കാണെന്നു പറഞ്ഞു. മുൻ മന്ത്രി ശ്രീ. കെ. ശങ്കരനാരായണൻ ഇവിടെ സഭയിൽ പറഞ്ഞത് 32,296 ഏജന്റുമാരും അവരുടെ കീഴിലായി രണ്ടര ലക്ഷത്തിലേറെ വില്പനക്കാരുമുണ്ട് എന്നാണ്. ജില്ലതിരിച്ചുള്ള കണക്കുണ്ട്, അത് ഞാൻ വായിക്കുന്നില്ല. ആ കണക്കനുസരിച്ചാണ് മൂന്നരലക്ഷമുണ്ടെന്ന് ഞങ്ങളിവിടെ സൂചിപ്പിച്ചത്. യു.ഡി.എഫ്.-ന്റെ കൺവീനർ ശ്രീ. പി.പി.തങ്കച്ചനും മുൻ മുഖ്യമന്ത്രി ശ്രീ. കെ. കരുണാകരനും മുൻ കെ.പി.സി.സി. പ്രസിഡന്റ് ശ്രീ. കെ. മുരളീധരനും അവസാനം ഇന്നലെ ശ്രീ. തെന്നല ബാലകൃഷ്ണപിള്ളയും പറഞ്ഞത് മൂന്ന് മൂന്നര ലക്ഷമുണ്ടെന്നാണ്. ഞാനതല്ല കാട്ട് ചെയ്യുന്നത്, ഞാൻ ഇവിടെ അന്നത്തെ ധനകാര്യ വകുപ്പുമന്ത്രിയെയാണ് കാട്ട് ചെയ്തത്. സഭയിൽ ഗവണ്മെന്റ് മറുപടി പറഞ്ഞാൽ, ഒരു രേഖവച്ചാൽ അത് തെറ്റാണെന്ന് പറയണമെങ്കിൽ ആ തെറ്റ് വസ്തുതാപരമായി ഇവിടെ വിശദീകരിക്കണം. എന്നിട്ടുവേണം അതിൽ തെറ്റുണ്ടെന്നു പറയാൻ. ഞാൻ അതിലേയ്ക്കൊന്നും കടക്കുന്നില്ല. എങ്ങനെയാണ് സംസ്ഥാന ലോട്ടറിയുടെ ലാഭം നിങ്ങൾ കുറച്ചത്? ബഹുമാന്യനായ ധനകാര്യവകുപ്പുമന്ത്രി ശ്രദ്ധിക്കാൻ വേണ്ടി ഞാൻ പറയുകയാണ്. 7-1-2005-ൽ ഇവിടെ നറുക്കെടുപ്പ് നടത്തിയ ക്രിസ്മസ്സ്, ബമ്പർ പുതുവൽസര ലോട്ടറി, 25/30 ലക്ഷം ടിക്കറ്റുകൾ അച്ചടിച്ചു വിൽക്കുന്ന ലോട്ടറി, ഇത്തവണ 10/15 ലക്ഷം ടിക്കറ്റുകൾ നിങ്ങൾ കുറച്ചു. ഒരാഴ്ച മുമ്പ് ടിക്കറ്റു വിൽപ്പന

LIBRARY ARCHIVES Kerala Legislative Assembly

നിങ്ങൾ ക്ളോസ് ചെയ്തു. മൂന്നുകോടി രൂപ സംസ്ഥാന ലോട്ടറിയിലേയ്ക്കു ഈ ബമ്പർ ടിക്കറ്റിലൂടെ കിട്ടേണ്ടതാണ് നഷ്ടപ്പെട്ടത്. എന്നാൽ പ്രതിവാര ടിക്കറ്റുകളായ സൗഭാഗ്യ, ചൈതന്യ തുടങ്ങിയവ, ആഴ്ചയിൽ ഓരോ ടിക്കറ്റുകൾ മാത്രം എടുക്കുന്ന, ആ ടിക്കറ്റുകളുടെ എണ്ണം ക്രമാതീതമായി കൂട്ടി. ആവശ്യത്തിന്റെ നാലിരട്ടി ടിക്കറ്റുകൾ അച്ചടിച്ചു. എന്തിന്? ഈ ടിക്കറ്റുകൾ ചെലവാകില്ല എന്ന് ബോധപൂർവ്വം കണക്കുണ്ടാക്കാൻ വേണ്ടി. സംസ്ഥാന ഗവൺമെന്റിന്റെ ലോട്ടറി നിർത്തലാക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടി, വളരെ ബോധപൂർവ്വം കഴിഞ്ഞ കുറച്ചു മാസങ്ങളായി സംസ്ഥാന മന്ത്രിമാരും മുഖ്യമന്ത്രിയുടെ സഹായത്തോടെ ഉദ്യോഗസ്ഥന്മാരും ചേർന്ന് നടത്തിയ ഒരു ഗൂഢാലോചനയാണ് അവസാനം ഈ നിരോധനത്തിൽ എത്തിയത്. ഒരു സുപ്രീംകോടതിയും പറഞ്ഞിട്ടില്ല ലോട്ടറി നിരോധിക്കാൻ. സുപ്രീംകോടതി എന്തു പറയുന്നു? സുപ്രീംകോടതിയിലെ വിധി എന്താണ്? അതു ഈ രാജ്യത്തെ ജനങ്ങൾക്ക് അറിയണ്ടേ? മുഖ്യമന്ത്രിയും വകുപ്പു മന്ത്രിയും മാത്രം ഇവിടെ പറഞ്ഞാൽ മതിയോ? സുപ്രീംകോടതി സ്റ്റേ ചെയ്തിട്ടുണ്ടെങ്കിൽ ആ സ്റ്റേ വെക്കേറ്റു ചെയ്യിക്കണം. സുപ്രീംകോടതിയുടെ സ്റ്റേ വന്നതിന്റെ പിറ്റേ ദിവസം എന്താണ് സംഭവിച്ചത്? ഞാൻ ചോദിക്കട്ടെ, നിങ്ങളുടെ നിരോധനം വന്നു കഴിഞ്ഞതിനുശേഷം, ഈ സംസ്ഥാനത്ത് വ്യാജപേപ്പർ ലോട്ടറിയും ഓൺലൈൻ ലോട്ടറിയും അനധികൃതമായി വിൽക്കുകയല്ലേ? ആരു തടയുന്നു? കേരളത്തിലെ പോലീസുകാർ ഒരു നടപടിയും എടുക്കാൻ കഴിയാതെ കയ്യുംകെട്ടി നോക്കി നിൽക്കുകയാണ്. കാരണം ഭാഗ്യക്കുറി നിരോധിച്ചില്ലേ? പിന്നെ പോലീസിന് ആക്ഷനെടുക്കാൻ സാധിക്കുമോ? ഒരു നടപടിയും എടുക്കുന്നില്ല. കേരളം മുഴുവൻ അനധികൃത ടിക്കറ്റുകൾ വിൽക്കുകയാണ്. ഏജന്റുമാരുടെ രജിസ്ട്രേഷന്റെ കണക്ക് അങ്ങിവിടെ പറയുകയുണ്ടായി. ഏജന്റുമാർ ഒരു വർഷത്തിൽ ഒരു തവണയാണ് ഏജൻസി പുതുക്കുന്നത്. നിങ്ങൾ കണക്കെടുത്ത ജനുവരി ഒന്നു മുതൽ 24 വരെ എത്ര ഏജന്റുമാർ ഏജൻസി പുതുക്കി? നിങ്ങളുടെ കണക്ക് ശരിയായിരിക്കാം. പക്ഷേ ഒരു വർഷത്തിൽ 12 മാസത്തിനുള്ളിൽ ഏതെങ്കിലുമൊരു സമയത്ത് കണ്ണും കാതും കേൾക്കാത്ത വികലാംഗരായ സാധുക്കൾ പോയി നൂറു രൂപ അടച്ചു ഏജൻസി പുതുക്കും. നിങ്ങൾ ഒരു വർഷത്തെ കണക്കെടുക്കണം. അതിനു പകരം 24-ാം തീയതി വരെയുള്ള കണക്കെടുത്തു ഇത്ര എണ്ണമേയുള്ളുവെന്നു വരുത്തിത്തീർത്തു. ഗവൺമെന്റ് ബോധപൂർവ്വമായി ശ്രീ. സുരേഷ് കുമാറിനെ ഡയറക്ടർ സ്ഥാനത്തു നിന്നും മാറ്റി അതിനുള്ള സാഹചര്യങ്ങൾ ഒരുക്കി. കേരള ഗവൺമെന്റിന്റെ ലോട്ടറി നിരോധിക്കാനും വ്യാജ പേപ്പർ ലോട്ടറിക്കും ഓൺലൈൻ ലോട്ടറിക്കും അനധികൃതമായി, ഇഷ്ടംപോലെ ചൂഷണം തുടരാനുമുള്ള അവസരം നിങ്ങൾ ഒരുക്കിക്കൊടുത്തിരിക്കുന്നു. ഏ.ജി.-യുടെ ഓഫീസിനെക്കുറിച്ച് ശ്രീ. എ. കെ. ബാലൻ ഇവിടെ വിശദമായി പറഞ്ഞു. അങ്ങൊരു മറുപടിപോലും പറഞ്ഞില്ല. അഡ്വക്കേറ്റ് ജനറലിന്റെ ഓഫീസിനെക്കുറിച്ച് ഇത്ര ഗൗരവമായ ആക്ഷേപങ്ങൾ ഇവിടെ ഉന്നയിച്ചിട്ട്, മുഖ്യമന്ത്രി അതിനെക്കുറിച്ച് മറുപടി പറഞ്ഞില്ല. കൃഷിക്കാരും തൊഴിലാളികളുമൊക്കെ ആത്മഹത്യ ചെയ്യുന്ന ഈ സ്റ്റേറ്റിൽ

LIBRARY ARCHIVES Kerala Legislative Assembly

ഇനി കൂറെ ലോട്ടറിക്കാരും ആത്മഹത്യ ചെയ്തു കൊള്ളട്ടെ. കേരളത്തിലെ പാവപ്പെട്ടവരേയും സാധുക്കളേയും ജീവിക്കാൻ ബുദ്ധിമുട്ടുന്നവരേയുമെല്ലാം ആത്മഹത്യയിലേയ്ക്കു തള്ളിവിടുന്ന നയങ്ങളുമായി മുന്നോട്ടു പോയാൽ, കേരളത്തിൽ ഏറ്റവും കൂടുതൽ ആത്മഹത്യകൾ നടന്നത് ശ്രീ. ഉമ്മൻചാണ്ടിയുടെയും ശ്രീ വക്കം പുരുഷോത്തമന്റേയും നേതൃത്വത്തിലുള്ള ഒരു ഭരണത്തിൻ കീഴിലായിരുന്നുവെന്ന റിക്കോർഡായിരിക്കും നിങ്ങൾക്കു ലഭിക്കാൻ പോകുന്നത് എന്നു കൂടി ഇവിടെ സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. പാവപ്പെട്ട പതിനായിരക്കണക്കിനു വരുന്ന, ലോട്ടറി വില്പന നടത്തി ജീവിക്കുന്ന സാധുക്കളോടു സ്നേഹവും സഹാനുഭൂതിയും ഐക്യദാർഢ്യവും പ്രകടിപ്പിച്ചുകൊണ്ട് പറയട്ടെ, അവരെ സഹായിക്കാൻ, അവരെ സംരക്ഷിക്കാൻ, കേരളത്തിലെ ബഹുഭൂരിപക്ഷം ജനങ്ങളും ഒറ്റക്കെട്ടായി നിൽക്കുമെന്നുകൂടി അറിയിച്ചുകൊണ്ട്, നിങ്ങളുടെ നയം തിരുത്താൻ വേണ്ടിയുള്ള അതിശക്തമായ പോരാട്ടം കേരളത്തിൽ വളർന്നു വരുന്നു എന്നു കൂടി അറിയിച്ചുകൊണ്ട്, ഗവൺമെന്റിന്റെ മറുപടിയിലും തീരുമാനത്തിലുമുള്ള പ്രതിഷേധം പ്രകടിപ്പിച്ചുകൊണ്ട് ഞങ്ങൾ ഈ വാക്കൗട്ടിൽ പങ്കുചേരുന്നു.

(ശ്രീ. കെ. പി. രാജേന്ദ്രനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ടു പുറത്തുപോയി.)

ശ്രീ. സി. കെ. നാണു: സർ, സംസ്ഥാനത്ത് ലോട്ടറി നിരോധിക്കാതെ ഈ പ്രശ്നത്തിനു പരിഹാരം കാണാൻ സാധിക്കുമായിരുന്നില്ലേ? പാവപ്പെട്ട എത്രയോ ആളുകൾ ഉപജീവനം നടത്തുന്ന ഒരു മേഖലയാണ് ലോട്ടറി മേഖല. ഏതെങ്കിലും ഒരു നിയമത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന ലോട്ടറി നിരോധിച്ച്, ഒരു ഗുരുതരാവസ്ഥ സംസ്ഥാനത്ത് ഉണ്ടാക്കുന്നതിനുമുമ്പായി, ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇപ്പോൾ പ്രതിപക്ഷ നേതാവിനോട് സംസാരിച്ചതുപോലെ, അതിനെ സംബന്ധിച്ച് സംസാരിച്ച്, ഏതെങ്കിലും തരത്തിൽ ഈ നിരോധനത്തിൽ നിന്നും രക്ഷ നേടാൻ സാധിക്കുമായിരുന്നെങ്കിൽ, അതു പരിശോധിക്കാൻ സർക്കാർ എന്തുകൊണ്ട് സന്നദ്ധമായില്ല? സുപ്രീംകോടതിയുടെ ചില നിയമങ്ങൾ ചില ഗവൺമെന്റു വകുപ്പുകളുമായി ബന്ധപ്പെട്ട് വരും. ആ വകുപ്പുകളുമായി ബന്ധപ്പെട്ട് അതിന്റെ അടിസ്ഥാനത്തിലുള്ള നടപടികൾ സ്വീകരിക്കാൻ സംസ്ഥാന ഗവൺമെന്റ് പെട്ടെന്ന് സന്നദ്ധമാകുകയാണ് വേണ്ടിയിരുന്നത്. ഞാൻ ചോദിക്കട്ടെ, സൈലന്റ് വാലി പ്രദേശത്തെ ഭൂമി വിട്ടു കൊടുക്കണമെന്നാവശ്യപ്പെട്ട് സുപ്രീംകോടതിയിൽ നിന്നും വിധി വാങ്ങിച്ചുകൊണ്ടുവന്നവർക്ക് ആ ഭൂമി വിട്ടു കൊടുക്കാൻ സർക്കാർ സന്നദ്ധമായിരുന്നുവെങ്കിൽ സൈലന്റ് വാലി പദ്ധതി ഈ നിലയിൽ ഉണ്ടാകുമായിരുന്നോ? സൈലന്റ് വാലിയെ സംരക്ഷിക്കാൻ ആവശ്യമായ നടപടികൾ

LIBRARY ARCHIVES Kerala Legislative Assembly

എങ്ങനെ സ്വീകരിക്കാമെന്ന് സംസ്ഥാന ഗവൺമെന്റ് ആലോചിച്ച് കോടതിയെ സമീപിച്ചതിന്റെ ഫലമായിട്ടല്ലേ അതിനെ രക്ഷപ്പെടുത്താൻ സാധിച്ചത്? സംസ്ഥാന ലോട്ടറി നിരോധിച്ച് പാവപ്പെട്ട കുടുംബങ്ങളെ പട്ടിണിയിലാക്കി, അവരെ ദാരിദ്ര്യത്തിലേയ്ക്ക് നയിക്കുവാൻ പോകുകയാണ്.ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞു, ഞങ്ങൾ അവരെ പുനഃരധിവസിപ്പിക്കുന്നതിനെക്കുറിച്ച് ആലോചിക്കുമെന്ന്. അതു നടക്കില്ല. ശ്രീ. പി. പി. തങ്കച്ചനടക്കമുള്ള കോൺഗ്രസ്സ് (ഐ)-യുടെ സംസ്ഥാന ഭാരവാഹികൾക്ക് ഇക്കാര്യം പറയേണ്ടി വന്നത് എന്തുകൊണ്ടാണ്? ഇതു ഗുരുതരമായ ഒരു പ്രശ്നമാണ്. അതു നമ്മൾ പരിശോധിക്കണം. റോഡിലും ബസ്സ്സ്റ്റാന്റുകളിലും ടിക്കറ്റു വിറ്റു ജീവിക്കുന്ന പാവപ്പെട്ടവരുടെ പ്രശ്നമാണ്. അവരുടെ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിൽ എന്തുകൊണ്ട് മനുഷ്യത്വപരമായ സമീപനം സ്വീകരിച്ചില്ല?. മനുഷ്യത്വപരമായ സമീപനം സ്വീകരിക്കാൻ സന്നദ്ധമായിരുന്നുവെങ്കിൽ, എല്ലാ കക്ഷികളേയും വിളിച്ചിരുത്തി ഇതിൽ നിന്നും രക്ഷനേടാൻ എന്താണ് ചെയ്യേണ്ടതെന്ന് ആലോചിക്കുമായിരുന്നു. അങ്ങനെയൊന്നും ആലോചിക്കാതെ പാവപ്പെട്ട ജനവിഭാഗങ്ങളെ ബാധിക്കുന്ന ഒരു പ്രശ്നം വന്നപ്പോൾ, വളരെ ലാഘവ ബുദ്ധിയോടുകൂടി ഞങ്ങൾ അവരെ പുനരധിവസിപ്പിക്കുമെന്നു പറയുന്നതു ശരിയല്ല. ഗവൺമെന്റിന്റെ ഉദ്ദേശശുദ്ധിയെക്കുറിച്ച് ഏതെങ്കിലും കേന്ദ്രങ്ങൾ സംശയിക്കുന്നുണ്ടെങ്കിൽ നിങ്ങൾക്ക് അതിൽ നിന്നും എങ്ങനെ രക്ഷപ്പെടാൻ സാധിക്കും? ഗുരുതരമായ ഈ പ്രശ്നം വേണ്ട രൂപത്തിൽ ഗവൺമെന്റ് വിലയിരുത്താതെ, യഥാർത്ഥ പ്രശ്നത്തിൽ നിന്നുമൊഴിഞ്ഞ്, വേറെയാരേയോ രക്ഷിക്കാൻ വേണ്ടി ഒരു കുട്ടായ നിരോധനം, അതിനുശേഷം ഈ നിരോധനത്തിൽ നിന്നും പാവപ്പെട്ടവരെ രക്ഷപ്പെടുത്തുമ്പോൾ അനർഹരായവരേയും നിലനിർത്താൻ സാധിക്കും. അതിനുവേണ്ടിയുള്ള പരിശ്രമങ്ങളാണ് ഈ ഗവൺമെന്റ് ചെയ്യുന്നതെന്ന് ജനങ്ങൾ ധരിച്ചാൽ, അതു സംബന്ധിച്ച് വിമർശനങ്ങൾ വന്നാൽ, എങ്ങനെയാണ് സത്യസന്ധമായി നിങ്ങൾക്കു പിടിച്ചു നിൽക്കാൻ സാധിക്കുക? ഞാൻ പറയുന്നത്, ഗവൺമെന്റിന്റെ മുമ്പിലുള്ള ഏറ്റവും പ്രധാനമായ ആവശ്യം പാവപ്പെട്ടവന്റെ സംരക്ഷണമാണ്. പണക്കാർക്കു സംരക്ഷണം വേണ്ടതു ചുരുക്കം ചില മേഖലകളിലാണ്. കഴിഞ്ഞ പത്തു മുപ്പത് വർഷക്കാലമായി ഗവൺമെന്റിന്റെ ഒരു സഹായവും കിട്ടാതെ, ടിക്കറ്റു വിറ്റ് കുടുംബത്തെ പോറ്റുന്നവരെ തകർക്കുന്നതിനുമുമ്പ് എന്തുകൊണ്ട് അതു സംബന്ധിച്ച് കാര്യമായി ആലോചിക്കാൻ കഴിഞ്ഞില്ല? ഒരു തരത്തിലുള്ള ധാർമ്മികമായ സംരക്ഷണവും ഈ നിലപാടു സ്വീകരിച്ച ഗവൺമെന്റിനു ലഭിക്കില്ല. ഇതിൽ പ്രതിഷേധിച്ച് ഞാൻ ഇറങ്ങിപ്പോകുന്നു.

(ശ്രീ. സി. കെ. നാണു സഭ വിട്ടു പുറത്തു പോയി.)

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. എ. അസീസ്: സർ, ഓൺലൈൻ ലോട്ടറിക്കാരേയും പേപ്പർ ലോട്ടറിക്കാരേയും സഹായിക്കാൻ, അതിന്റെ മറവിലാണ് ഈ സംസ്ഥാന ലോട്ടറി നിരോധിച്ചിരിക്കുന്നത്. സംസ്ഥാന ലോട്ടറി ആരംഭിക്കുന്ന കാലഘട്ടത്തിൽ, വളരെ അഭിമാനപൂർണ്ണമായ ഒരു സമീപനമായിരുന്നു സംസ്ഥാന ലോട്ടറിയും, കേരള സ്റ്റേറ്റ് ഫൈനാൻഷ്യൽ എന്റർപ്രൈസസ്സും സ്വീകരിച്ചിരുന്നത്. യശഃശ്ശരീരനായ പി. കെ. കുഞ്ഞുസാഹിബ് ധനകാര്യമന്ത്രിയായിരുന്ന കാലത്ത് സംസ്ഥാന ഖജനാവിന് വരുമാനമുണ്ടാക്കുക അതോടൊപ്പം സംസ്ഥാനത്തെ തൊഴിലില്ലായ്മയ്ക്ക് തെല്ലൊരു പരിഹാരം കണ്ടെത്തുക എന്നീ രണ്ടു ലക്ഷ്യങ്ങൾ ആയിരുന്നു ആ ഭാവനാ സമ്പന്നനിൽ അന്നുണ്ടായിരുന്നത്.

പി. കെ. കുഞ്ഞുസാഹിബ് തുടങ്ങിവച്ച ആ പദ്ധതിക്കുശേഷമാണ് നമ്മുടെ സംസ്ഥാനത്തു മാത്രമല്ല, ഇൻഡ്യയിലാകമാനം മാതൃകയായി ഈ ലോട്ടറി സംവിധാനം തന്നെ നടപ്പിലാക്കാൻ തുടങ്ങിയത്. അത് വർഷങ്ങളായി നടന്നു വരികയാണ്. ഇന്ന് ഇപ്പോൾ രജിസ്റ്റർ ചെയ്ത ഏജന്റുമാരുടെ കണക്ക് ബഹുമാനപ്പെട്ട ധനകാര്യവകുപ്പു മന്ത്രി പറയുകയുണ്ടായി. അത് എത്രതന്നെയായിരുന്നാലും ആ ഏജന്റുമാരല്ല പ്രധാന ഘടകം. യഥാർത്ഥത്തിൽ ടിക്കറ്റ് വിറ്റ് ഉപജീവനം നടത്തുന്ന ആളുകൾ അന്ധൻമാർ, വികലാംഗർ, ദാരിദ്രരേഖയ്ക്ക് താഴെയുള്ളവർ അങ്ങനെയുള്ള പട്ടിണി പാവങ്ങളായ, വികലാംഗരായിട്ടുള്ള ആളുകൾക്ക് മറ്റു തൊഴിലുകൾ ചെയ്ത് ജീവിക്കുവാൻ കഴിയുകയില്ല. യഥാർത്ഥത്തിൽ അവർക്കുള്ള ഒരു തൊഴിൽ സംരക്ഷണം എന്നുള്ള നിലയിലാണ്, ഈ ലോട്ടറി വന്നതിനുശേഷം ലോട്ടറി കച്ചവടം വഴി അവരുടെ കുടുംബങ്ങൾ സംരക്ഷിക്കപ്പെട്ടു പോന്നത്. സംസ്ഥാന ലോട്ടറികൾ നിർത്തലാക്കിയതോടുകൂടി ആ കുടുംബങ്ങൾ എല്ലാം തന്നെ പട്ടിണിക്കാർ ആകുകയാണ് ചെയ്യുക. വികലാംഗരായിട്ടുള്ള ആളുകൾ, അന്ധൻമാരായിട്ടുള്ള ആളുകൾ ഇവരുടെയൊക്കെ ഏകമായ ഈ വരുമാനമാർഗ്ഗം ഇല്ലാതായാൽ പിന്നെ എന്തു ചെയ്യും? മരിക്കുകയോ, ആത്മഹത്യ ചെയ്യുകയോ അല്ലാതെ യാതൊരു മാർഗ്ഗവുമില്ല. പട്ടിണിപ്പാവങ്ങളായ, അന്ധൻമാരായ, അഗതികളായ ആളുകളുടെ ഉപജീവനമാർഗ്ഗമായ ഈ സംസ്ഥാന ലോട്ടറി നിരോധിച്ചത് വലിയ പാപമായിപ്പോയി. ഇതേക്കുറിച്ച് സംസ്ഥാന ഗവൺമെന്റ് പുനർചിന്തനം നടത്തേണ്ടിയിരിക്കുന്നു. ഇവരെയെല്ലാം പുനരധിവസിപ്പിക്കാമെന്നു പറയുന്നത് പൊള്ളയാണ്, അതൊന്നും നടക്കാൻ പോകുന്ന കാര്യമല്ല. ചാരായ നിരോധന കാലഘട്ടത്തിൽ പറഞ്ഞത് ഇന്നും ജലരേഖയായി അവശേഷിക്കുകയാണ്. അവരെ സംരക്ഷിക്കുവാൻ ഈ ഗവൺമെന്റിന് കഴിഞ്ഞില്ല. അതുകൊണ്ട് ഗവൺമെന്റിന്റെ ഈ സമീപനത്തിൽ പ്രതിഷേധിച്ച് ഞാനും ഈ വാക്കൗട്ടിൽ പങ്കെടുക്കുന്നു.

ശ്രീ. എ. എ. അസീസ് സഭവിട്ട് പുറത്തുപോയി.

(പുറത്തുപോയ പ്രതിപക്ഷാംഗങ്ങൾ അൽപ്പസമയത്തിനുള്ളിൽ സഭയിൽ വീണ്ടും ഹാജരായി)